# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26



## ഗവ. എൽ. എം. എ. എൽ. പി. എസ്. വട്ടപ്പാറ

# അക്കാദമിക മാസ്റ്റർ പ്ലാൻ

**ഗവ. എൽ. എം. എ. എൽ. പി. എസ്.**

**വട്ടപ്പാറ**

## അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | ഗവ: എൽ. എം. എ. എൽ. പി. എസ്. വട്ടപ്പാറ |
| വിലാസം | : | വട്ടപ്പാറ, തിരുവനന്തപുരം |
| ഫോൺ | : | 047122587101 |
| സ്കൂൾ കോഡ് | : | 42529 |
| വിദ്യാഭ്യാസ ഉപജില്ല | : | നെടുമങ്ങാട് |
| റവന്യൂ ജില്ല | : | തിരുവനന്തപുരം |
| ബി. ആർ. സി. | : | നെടുമങ്ങാട് |
| സി. ആർ. സി | : | വട്ടപ്പാറ |
| ഗ്രാമപഞ്ചായത്ത് | : | കരകുളം |
| ബ്ലോക്ക് പഞ്ചായത്ത് | : | നെടുമങ്ങാട് |
| ജില്ലാ പഞ്ചായത്ത് | : | തിരുവനന്തപുരം |
| നിയമസഭാമണ്ഡലം | : | നെടുങ്ങാട് |
| ലോകസഭാ മണ്ഡലം | : | നെടുമങ്ങാട് |
| ലോക സഭാ മണ്ഡലം | : | ചിറയിൻകീഴ് |
| താലൂക്ക് | : | നെടുമങ്ങാട് |
| വില്ലേജ് | : | വട്ടപ്പാറ |
| ഇ-മെയിൽ വിലാസം | : | lmalpsvattappara@gmail.com |
| സ്കൂൾ വിക്കി | : | |

# ഉള്ളടക്കം


| ക്രമ നമ്പർ | ഇനം | പേജ് |
|---|---|---|
| 1. | ആമുഖം | 5 |
| 2 | കാഴ്ചപ്പാട് | 6 |
| 3 | പൊതു ലക്ഷ്യങ്ങൾ | 7 |
| 4 | സവിശേഷ ലക്ഷ്യങ്ങൾ | |
| | 1. മലയാളം, ഇംഗ്ലീഷ്, ശാസ്ത്രം | 8 |
| | 2. ഗണിതം, ഹിന്ദി, പ്രവൃത്തി പരിചയം | 9 |
| | 3. കലാപഠനം, ആരോഗ്യം, ഐ. സി.റ്റി | 10 |
| 6 | പ്രവർത്തനങ്ങൾ | |
| | 1. തനതുപ്രവർത്തനം -ഇംഗ്ലീഷ് | 11 |
| | 2. മലയാളം | 12 |
| | 3. ഇംഗ്ലീഷ് | 16 |
| | 4. ശാസ്ത്രം | 19 |
| | 5. ഗണിതം | 25 |
| | 6. ഹിന്ദി പഠനം | 27 |
| | 7. കലാപഠനം | 28 |
| | 8. പ്രവൃത്തി പരിചയം | 29 |
| | 9. ആരോഗ്യകായികം പരിശീലനം | 30 |
| | 10. ഐ. സി. റ്റി | 34 |
| | 11. ഭൗതീകം | 35 |
| | 12. സാമൂഹ്യം | 39 |
| 7. | ഉപസംഹാരം | 40 |

## ആമുഖം

കരകുളം പഞ്ചായത്തിലെ വെസ്റ്റ് വാർഡിൽ സ്ഥിതി ചെയ്യുന്ന ഈ സ്കൂൾ 1930 ജൂൺ മാസത്തിൽ സ്ഥാപിക്കപ്പെട്ടു. ആദ്യം എൽ. എം. എസ്. ചർച്ചിലും ലണ്ടൻ മിഷൻ സർവ്വീസിന്റെ 40X8 എന്ന അളവിലുള്ള ഒരു കെട്ടിടത്തിലും വച്ചാണ് ക്ലാസുകൾ നടന്നത്. ക്രമേണ എം. സി. റോഡിനരികിൽ 80X18 എന്ന അളവിൽ ഒരു കെട്ടിടം പണിതു. 1948-ൽ ഗവൺമെന്റിന് ഒരു രൂപ പാട്ടത്തിന് സ്കൂൾ സറണ്ടർ ചെയ്തു. 1962-ൽ എൽ. എം. എസ്. എച്ച്. എസ്. ആരംഭിച്ചതോടെ ഇവിടെ അഞ്ചാം സ്റ്റാൻഡേർഡ് നിർത്തലാക്കുകയും നാലാം ക്ലാസ് വരെയാക്കുകയും ചെയ്തു.

അധ്യാപകരുടേയും നാട്ടുകാരുടേയും ഉത്തമസഹകരണത്തിന്റെ ഉദാത്ത മാതൃകയായി വർത്തിക്കുന്ന ഈ സ്കൂളിൽ ഇന്ന് 8 ഡിവിഷനുകൾ ഉണ്ട്. പ്രീ-പ്രൈമറി ക്ലാസ്സുകൾ നല്ല രീതിയിൽ നടക്കുന്നു. 2 അധ്യാപികമാരും 2 ആയമാരും 67 കുട്ടികളും പ്രീ-പ്രൈമറിയിൽ ഉണ്ട്. 1 മുതൽ 4 വരെ ക്ലാസ്സുകളിൽ രണ്ടുവീതം ഡിവിഷനുകളിലായി 119 ആൺകുട്ടികളും 127 പെൺകുട്ടികളും പഠിക്കുന്നു. എച്ച്. എം. ഉൾപ്പെടെ 9 അധ്യാപികമാരും ഒരു പി. റ്റി. സി. എമ്മും ജോലിനോക്കി വരുന്നു.

പ്രവർത്തനങ്ങൾ കൂടുതൽ വിശാലവും സുതാര്യവുമാക്കി സ്കൂളിന്റെ കാഴ്ച്ചപ്പാട് പൊതുസമൂഹത്തെ ബോധ്യപ്പെടുത്തുന്നതിന്റെ ഭാഗമായി തയ്യാറാക്കിയ ഈ അക്കാദമിക് മാസ്റ്റർ പ്ലാനിൽ എച്ച്. എം. അധ്യാപകർ, മറ്റ് ജീവനക്കാർ, രക്ഷകർത്തൃപ്രതിനിധികൾ, സാമൂഹ്യ പ്രവർത്തകർ എന്നിവരുടെ സഹകരണവും പങ്കാളിത്തവും കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു,

കുട്ടികളുടെ പാഠ്യപാഠ്യേതര പുരോഗതി ഉറപ്പുവരുത്തുന്നതിനായി വിവിധ ഏജൻസികളുടെ സഹകരണവും ഗവൺമെന്റ് തലത്തിൽ നടപ്പാക്കുന്ന പല പദ്ധതികളും ഏറ്റെടുത്ത് വിജയിപ്പിക്കാൻ ഈ സ്കൂളിന് കഴിഞ്ഞു. പ്രഭാതഭക്ഷണം, ഉച്ചഭക്ഷണം, സൗജന്യ യൂണിഫോം, പ്രീമെട്രിക് സ്കോളർഷിപ്പ്, ഒ. ബി. സി. , ഒ. ഇ. സി., എസ്. സി. കുട്ടികൾക്കുള്ള പ്രത്യേക ഗ്രാന്റുകൾ, 2000 രൂപയുടെ വിദ്യാഭ്യാസ സഹായപദ്ധതി ഇവയിലൂടെ ഓരോ കുട്ടിയ്ക്കും ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഉയർത്തുകയും അധ്യാപകരുടേയും പി. റ്റി. എ. യുടെയും കൂട്ടായ പ്രവർത്തനത്തിലൂടെ മികച്ച അക്കാദമിക നിലവാരവും എൽ. എസ്. എസ്. തുടങ്ങിയ സ്കോളർഷിപ്പുകളിലും ശാസ്ത്രപ്രവൃത്തിപരിചയകലാമേളകളിലും വിജയവും ഉറപ്പുവരുത്തിയിട്ടുള്ള ഈ സ്കൂളിൽ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം ഒരു പുത്തനുണർവ് സൃഷ്ടിച്ചിരിക്കുന്നു. സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ പലതും പ്രതികൂലമായി നിൽക്കുന്നു എങ്കിലും ശ്രദ്ധ, മലയാളത്തിളക്കം പദ്ധതികളിലൂടെ സ്കൂളിനെ സമൂഹത്തിന്റെ അവിഭാജ്യഘടകമാക്കിത്തീർക്കാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. ഈ സ്കൂളിന്റെ പരിസരപ്രദേശങ്ങളിൽ അഞ്ചോളം ഗവൺമെന്റ് സ്കൂളുകളും മറ്റ് ധാരാളം സ്വകാര്യസ്കൂളുകളും നിലനിൽക്കുന്നു. ആകയാൽ മികച്ച അക്കാദമിക സൗകര്യങ്ങളൊരുക്കി കൂടുതൽ കുട്ടികളെ സ്കൂളിലേയ്ക്ക് ആകർഷിക്കാൻ ഞങ്ങൾ ലക്ഷ്യമിടുന്നു.

# കാഴ്ചപ്പാട്

ജനാധിപത്യമതനിരപേക്ഷ സമൂഹത്തിന് അനിവാര്യമായ മൂല്യബോധവും മനോഭാവവും പഠനാനുഭവങ്ങളിലൂടെയും മറ്റ് സ്കൂൾ അനുഭവങ്ങളിലൂടെയും കുട്ടികളിലെത്തിക്കുകയും മികച്ച പഠനാന്തരീക്ഷം ഒരുക്കി സ്കൂളിനെ മികവിന്റെ പാതയിലെത്തിക്കുകയും ചെയ്യുക എന്ന കാഴ്ചപ്പാടിലാണ് ഈ അക്കാദമിക് പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. ഓരോ കുട്ടിയുടെയും സവിശേഷമായ ശക്തിയും പരിമിതിയും തിരിച്ചറിഞ്ഞ് മുഴുവൻ കുട്ടികൾക്കും പഠനമുന്നേറ്റത്തിന് തുല്യമായ അവസരങ്ങൾ ഒരുക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഇതിനായി എല്ലാ അധ്യാപകരും വിദ്യാഭ്യാസ തത്പരരായ രക്ഷിതാക്കളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കൂട്ടായി പരിശ്രമിക്കുന്നതാണ്.

## പൊതു ലക്ഷ്യങ്ങൾ

- ഓരോ വിഷയവുമായി ബന്ധപ്പെട്ട പഠനശേഷികൾ ഓരോ ക്ലാസിലും എല്ലാ കുട്ടികളും കൈവരിച്ചു എന്ന് ഉറപ്പുവരുത്തും.
- കുട്ടി നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി പ്രൈമറിഘട്ടം പൂർത്തിയാകുമ്പോൾ രക്ഷകർത്താക്കളെയും സമൂഹത്തെയും ബോധ്യപ്പെടുത്തുന്നു.
- മലയാളം, ഇംഗ്ലീഷ് എന്നീ ഭാഷകൾ സംസാരിക്കാനും വായിക്കാനും എഴുതാനുമുള്ള കഴിവ് എല്ലാകുട്ടികൾക്കും ഉറപ്പുവരുത്തും.
- നിരീക്ഷണങ്ങളിലൂടെയും പരീക്ഷണങ്ങളിലൂടെയും ശാസ്ത്ര അവബോധം വളർത്തി ശാസ്ത്രപഠനം സാധ്യമാക്കും
- എല്ലാ കുട്ടികൾക്കും സംഖ്യാബോധവും ചതുഷ്ക്രിയകളും ഉറപ്പാക്കി ഗണിതപഠനനേട്ടങ്ങൾ ലഭ്യമാക്കും.
- ദിനാചരണങ്ങളിൽ സാമൂഹ്യപങ്കാളിത്തം ഉറപ്പുവരുത്തുകയും വൈവിധ്യമാർന്ന പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിലൂടെ നടപ്പാക്കുകയും ചെയ്യും.
- എല്ലാ കുട്ടികൾക്കും ഓരോ പ്രായഘട്ടത്തിനും അനുയോജ്യമാം വിധം ആശയവിനിമയശേഷി വർദ്ധിപ്പിക്കുന്നു.
- ആധുനിക സാങ്കേതികവിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുന്നു.
- വിദ്യാലയം ടാലന്റ് ലാബാക്കുന്നു. (സാമൂഹ്യ പങ്കാളിത്തത്തോടെ)
- അക്ഷര പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം.
- സാമൂഹിക പ്രതിബദ്ധതയുള്ള തലമുറയെ സൃഷ്ടിക്കുക.
- എല്ലാവർക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുക.
- കുട്ടികളുടെ അക്കാദമിക നിലവാരവും അതുവഴി സ്കൂളിന്റെ നിലവാരവും പൊതു സമൂഹത്തെ ബോധ്യപ്പെടുത്തുക.

## സവിശേഷ ലക്ഷ്യങ്ങൾ

## ലക്ഷ്യങ്ങൾ

### 1. മലയാളം

1. 1. ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കുന്നു.
2. കുട്ടിയെ മികച്ച വായനക്കാരനാക്കുക.
3. കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക
4. ഭാഷാശേഷിവികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാസാധ്യതകളെ പ്രയോജനപ്പെടുത്തുക.
5. മുഴുവൻ കുട്ടികളേയും വായനയിൽ താൽപര്യമുള്ളവരാക്കുക.
6. വായനയുടെ വിവിധ തലങ്ങൾ കുട്ടികളെ പരിചയപ്പെടുത്തുക.

### 2. ഇംഗ്ലീഷ്

2. 1. ഇംഗ്ലീഷിൽ നിർഭയമായി ആശയവിനിമയം ചെയ്യുന്നതിന് എല്ലാകുട്ടികളേയും പ്രാപ്തരാക്കുക.
2. എല്ലാകുട്ടികളും അതാതു ക്ലാസുകളിലെ ഇംഗ്ലീഷ് ഭാഷാ പഠനനേട്ടങ്ങൾ ആർജ്ജിക്കുന്നു.
3. ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം സൃഷ്ടിക്കുന്നു.
4. സ്വതന്ത്ര വായനയ്ക്കും എഴുത്തിനും കുട്ടിയെ സജ്ജരാക്കുക.
5. സാങ്കേതികവിദ്യാ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക.

### 3. ശാസ്ത്രം

3. 1. ശാസ്ത്ര പഠനത്തിൽ താൽപര്യം വളർത്തുക ശാസ്ത്രാവബോധവും ശാസ്ത്രീയ മനോഭാവവും വളർത്തുക.
2. ശാസ്ത്രത്തിലെ അടിസ്ഥാന ആശയങ്ങളിലും മനോഭാവങ്ങളിലും പരിമിതികളുള്ള കുട്ടികളെ അത് മറികടക്കാൻ പിന്തുണ നൽകുക

3. പ്രപഞ്ച പ്രതിഭാസങ്ങളെ ആസ്വദിക്കുന്നതിനും അവയെ ശാസ്ത്രീയമായി വിശകലനം ചെയ്യുന്നതിനുമുള്ള മനോഭാവം സൃഷ്ടിക്കുക.
4. ശാസ്ത്രപഠനത്തെ സമൂഹ്യമുന്നേറ്റത്തിന് പ്രയോജനപ്പെടുത്താനുള്ള മനോഭാവം വളർത്തുക.
5. പാരിസ്ഥിതിക അവബോധം വളർത്തുക, ജനാധിപത്യബോധം വികസിപ്പിക്കുന്നതിന് പ്രയോജനപ്പെടുത്തുക.
6. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യകൾ ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുന്നു.
7. ലഘുപരീക്ഷണങ്ങളിലും നിരീക്ഷണങ്ങളിലും പ്രാഗത്ഭ്യം ഉളവാക്കുക.

## 4. ഗണിതശാസ്ത്രം

4\. 1. അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുന്നു. (CWSN കുട്ടികൾ ഉൾപ്പെടെ)

2. ഗണിത പഠനശേഷികൾ ഓരോ പ്രായഘട്ടത്തിലും നേടി എന്ന് ഉറപ്പുവരുത്തുന്നു.
3. ഗണിതത്തെ നിത്യ ജീവിതവുമായി ബന്ധപ്പെടുത്തുന്നു.
4. ഗണിതരീതികൾ പ്രാദേശികാടിസ്ഥാനത്തിൽ പരിചയപ്പെടുത്തുന്നു. ഗണിതത്തിൽ പെൺകുട്ടികൾക്ക് സവിശേഷസ്ഥാനം ഉറപ്പാക്കുന്നു.
5. ആധുനിക ശാസ്ത്ര-സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തുന്നു.

## 5. ഹിന്ദി പഠനം

5\. 1. ലഘു സംഭാഷണത്തിൽ ഏർപ്പെടുന്നതിന്

2. ചിത്രസഹായത്തോടെ അക്ഷരങ്ങൾ വാക്കുകൾ ഇവ തിരിച്ചറിഞ്ഞ് വായിക്കുന്നതിന്
3. ലഘുപദങ്ങൾ എഴുതുന്നതിന്

## 6. പ്രവൃത്തി പരിചയം

6\. 1. നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.

2. പാഴ്‌വസ്തുക്കളിൽ നിന്ന് ഉപയോഗപ്രദമായ വസ്തുക്കൾ നിർമ്മിക്കുക.
3. ഇതരവിഷയങ്ങളുമായി പ്രവൃത്തി പരിചയ അനുഭവത്തെ ബന്ധിപ്പിക്കുക.

## 7. കലാപഠനം

7\. 1. കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക, കലാഭിരുചി വളർത്തുക.

2\. ഓരോ കുട്ടിയുടേയും സവിശേഷമായ കഴിവിന്റെ വികാസത്തിന് അവസരമൊരുക്കുക.

3\. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യാ സാധ്യതകൾ കലാപരിശീലനത്തിനായി പ്രയോജനപ്പെടുത്തുക.

## 8. ആരോഗ്യകായിക പരിശീലനം

8\. 1. എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പുവരുത്തുക. ആരോഗ്യ ശീലങ്ങൾ വളർത്തുക.

2\. ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഒരുക്കുക.

3\. ക്യാംപസിനെ മാലിന്യമുക്തമാക്കുക, ഹരിതാഭമാക്കുക.

## 9. ഐ. സി. റ്റി. സാധ്യതകൾ പ്രയോജനപ്പെടുത്തൽ

9\. 1. വിവരസാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.

2\. അറിവു നിർമ്മാണപ്രക്രിയയിൽ വിവരസാങ്കേതിക വിദ്യയുടെ അനന്തസാധ്യതകൾ ഉപയോഗപ്പെടുത്തുക.

3\. ലോകത്ത് ഉൽപ്പാദിപ്പിക്കപ്പെടുന്ന വിവരങ്ങൾ അറിയാനുള്ള സാധ്യതകൾ പ്രയോജ്ജനപ്പെടുത്തുന്നു.

## തനതുപ്രവർത്തനം 2018 – ഇംഗ്ലീഷ്

| ക്രമ നം. | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ക്ലാസ് | പിന്തുണ നടത്തിപ്പ് | സാമ്പത്തികം |
|---|---|---|---|---|---|---|
| 1 | എല്ലാകുട്ടികൾക്കും ഇംഗ്ലീഷ് സംസാരിക്കുവാനുള്ള കഴിവ് വളർത്തിയെടുക്കുക. | സ്പോക്കൺ ഇംഗ്ലീഷിന്റെ പ്രാധാന്യത്തെപ്പറ്റി രക്ഷിതാക്കളെ ബോധവൽക്കരിക്കുന്നു. അതുവഴി കുട്ടികൾക്ക് ആശങ്കയില്ലാതെ ഇംഗ്ലീഷ് സംസാരിക്കുവാനുള്ള അവസരം നൽകുക. | ആഴ്ചയിൽ 3 ദിവസം, 1 മണിക്കൂർ വീതം | 1 മുതൽ 4 വരെ ക്ലാസ്സുകൾ | ടീച്ചേഴ്സ്, രക്ഷകർത്താക്കൾ | എസ്. എസ്. എ. |
| 2 | ഇംഗ്ലീഷ് ഭാഷ അനായാസമായി സംസാരിക്കുവാൻ പ്രാവീണ്യം നേടുക. | 1. ഇംഗ്ലീഷ് ഷോർട്ട് ഫിലിം കാണിച്ചുകൊണ്ട് കുട്ടികളെ ഇംഗ്ലീഷ് ഭാഷയിലേയ്ക്ക് ആകൃഷ്ടരാക്കുന്നു.<br>2. സംഭാഷണം ഇല്ലാതെയുള്ള വീഡിയോകൾ കാണിക്കുന്നു. പിന്നീട് സംഭാഷണം എന്തെന്ന് പറയാൻ അവസരം നൽകുന്നു. എഴുതാൻ അവസരം നൽകുന്നു. പിന്നീടവ അഭിനയിക്കാൻ അവസരം നൽകുന്നു.<br>3. കളറിൽ എഴുതിയ വാക്കുകൾ വലിയ അക്ഷരത്തിലുള്ള വാക്കുകൾ ചിത്രകഥകൾ (വിവരണം ഒഴിവാക്കിയുള്ളത്) എന്നിവ നൽകികൊണ്ട് കുട്ടികളുടെ ഭാഷാപ്രയോഗ ശേഷി വികസിപ്പിക്കുന്നതിന് അവസരമൊരുക്കുന്നു.<br>4. ഒരു കഥയുടെ ആദ്യഭാഗം നൽകികൊണ്ട് ബാക്കി പൂരിപ്പിക്കാൻ അവസരം നൽകുന്നു.<br>5. ഇംഗ്ലീഷ് അസംബ്ലി സംഘടിപ്പിക്കുന്നു. അസംബ്ലിയിൽ ഇംഗ്ലീഷ് ന്യൂസ്, ക്വിസ്, Thoughts എന്നിവ ഉണ്ടാകും. കൂടാതെ ഇംഗ്ലീഷ് Poems, Skit എന്നിവയിൽ കുട്ടികൾക്ക് പരിശീലനം നൽകുന്നു. | ആഴ്ചയിൽ 1 ദിവസം (വ്യാഴം) | 1 മുതൽ 4 വരെ ക്ലാസ്സുകൾ | ടീച്ചേഴ്സ്, | എസ്. എസ്. എ.<br>PTA |

## മലയാളം

| ക്രമ നം. | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ക്ലാസ് | പിന്തുണ നടത്തിപ്പ് | സാമ്പത്തികം |
|---|---|---|---|---|---|---|
| 3 | ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ (അക്ഷരച്ചങ്ങാതിമാർ) | 1. പ്രീടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷരക്കാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ് നൽകൽ<br>6. വാക്കുകൾ നിർമ്മിക്കൽ<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. ചിത്രം- അടിക്കുറിപ്പ്<br>9. ചിത്രം - കഥപറയൽ<br>10. ചിത്രം - കഥ എഴുതൽ<br>11. കഥാപുസ്തകം നൽകൽ<br>12. സി. ഡി. യിൽ ഒരു ചിത്രം നൽകി വാക്യങ്ങൾ എഴുതൽ<br>13. ഭാഷാപരമായി പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേക അക്ഷരപഠനക്ലാസ്സ് | 2 മാസം<br>1 മാസം<br>ജൂൺ, ആഗസ്റ്റ് | 1 മുതൽ 4 വരെ ക്ലാസുകൾ | BRC<br>DIET<br>SCERT<br>PTA<br>SMC<br>BRC<br>IEDC Trainer<br>PTA<br>SMC | പി. റ്റി. എ.<br>എസ്. ആർ. ജി. |
| 4 | കുട്ടിയെ മികച്ച വായനക്കാരനാക്കുക. (വായനക്കൂട്ടം) | 1. ക്ലാസ്സ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. വായനമൂല-ക്ലാസ്സ് ലൈബ്രറി<br>3. പുസ്തക ക്ലിനിക്ക്<br>4. ലൈബ്രറി നവീകരിക്കൽ<br>5. പത്രവായന<br>6. പുസ്തക ചർച്ച<br>7. വായനാനുഭവം പങ്കുവയ്ക്കൽ<br>8. വായനാക്കുറിപ്പ് - കൈമാറി വായന മികച്ച വായനാക്കുറിപ്പുകൾക്ക് സമ്മാനം | ആറ് മാസം<br>1 വർഷം | 1 മുതൽ 4 വരെ ക്ലാസുകൾ | BRC<br>DIET<br>SCERT<br>വായനശാല | പി. റ്റി. എ.<br>ടീച്ചേഴ്സ് |

## മലയാളം

| ക്രമ നം. | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ക്ലാസ് | പിന്തുണ നടത്തിപ്പ് | സാമ്പത്തികം |
|---|---|---|---|---|---|---|
| | | 9. മികച്ച വായനക്കാരനെ കണ്ടെത്തൽ വായനാമത്സരം<br>10. വിദ്യാരംഗം, കലാസാഹിത്യവേദി ക്ലാസ് സഭ, സ്കൂൾ സഭ<br>11. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും<br>12. പത്രക്വിസ് തയ്യാറാക്കൽ<br>13. ആസ്വാദ്യകരമായ വായന<br>14. വായനാസാമഗ്രികൾ വികസിപ്പിക്കൽ<br>15. ഇ - വായന<br>16. വായനാക്കൂട്ടം<br>17. കാവ്യക്കൂട്ടം<br>18. ചങ്ങാതിയോടൊപ്പം വായന<br>19. ബാക്കി വായന<br>20. നിർദ്ദിഷ്ഠ വാക്കുകൾ വായിച്ചെടുക്കൽ | ഹ്രസ്വകാലം 6 മാസം<br>വാർഷിക പദ്ധതി | 1 മുതൽ 4 വരെ ക്ലാസുകൾ | പി. റ്റി. എ. അധ്യാപകർ, പഞ്ചായത്ത്, ബി. ആർ. സി. | പി. റ്റി. എ. എസ്. ആർ. ജി. |
| 5 | സ്കൂളിലെ എഴുത്തുകാർ | 1. എഴുത്തുകൂട്ടം രൂപീകരണം<br>2. പുസ്തക ചർച്ച<br>3. വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ്, പതിപ്പ്(അസംബ്ലിയിൽ അവതരണം)<br>5. സഞ്ചരിക്കുന്ന ആസ്വാദനക്കുറിപ്പ് പുസ്തകം<br>6. വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ<br>7. ഇൻലന്റ് മാഗസിൻ, ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ | വാർഷിക പദ്ധതി 1 വർഷത്തെ മുഴുവൻ വാർഷിക പരിപാടി | 1 മുതൽ 4 വരെ ക്ലാസുകൾ | പി. റ്റി. എ. അധ്യാപകർ, പഞ്ചായത്ത്, ബി. ആർ. സി. | പി. റ്റി. എ. എസ്. ആർ. ജി. ബി. ആർ. സി. |

## മലയാളം

| ക്രമ നം. | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ക്ലാസ് | പിന്തുണ നടത്തിപ്പ് | സാമ്പത്തികം |
|---|---|---|---|---|---|---|
| | | 8. സർഗ്ഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>9. മോണിറ്ററിംഗ്<br>10. സ്വതന്ത്രരചനകൾക്ക് അവസരം<br>11. ബാല സഭ, പൊതുവേദികളിൽ സംസാരിക്കാനുള്ള കഴിവ് വികസിപ്പിക്കൽ<br>12. വ്യക്തിഗത രചന, സംഘരചന<br>13. പാഠഭാഗങ്ങളുടെ ദൃശ്യാവിഷ്ക്കാരം<br>14. രചയിതാക്കളെ പരിചയപ്പെടൽ<br>15. ക്ലാസ് പത്രം, സ്കൂൾ പത്രം - തയ്യാറാക്കൽ | | | | |
| 6 | ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുന്നു. | 1. ചിത്രത്തിന് അടിക്കുറിപ്പ് തയ്യാറാക്കൽ<br>2. കവിതാലാപനം, സ്കിറ്റ്-പരിശീലനം<br>3. മലയാളം കമ്പ്യൂട്ടിംഗ് ടൈപ്പിംഗ് ഇ. വായന<br>4. പതിപ്പുകൾ തയ്യാറാക്കൽ (കമ്പ്യൂട്ടറിന്റെ സഹായത്തോടെ)<br>5. മൈക്ക് പ്രക്ഷേപണം | 1 വർഷത്തെ പരിപാടി | 1 മുതൽ 4 വരെ ക്ലാസ്സുകൾ | BRC<br>DIET<br>ടീച്ചേഴ്സ്<br>പി. റ്റി. എ. | പി. റ്റി. എ.<br>ബി. ആർ. സി. |
| 7 | സർഗ്ഗാത്മക രചനകളിൽ അവസരം മൊരുക്കൽ | 1. കഥയരങ്ങ്, കവിയരങ്ങ്<br>2. രചനാ ശില്പശാല<br>3. രൂപപ്പെടുന്ന ഉല്പന്നങ്ങൾ അച്ചടിച്ച് പ്രസിദ്ധീകരിക്കൽ<br>4. ക്ലാസ് മുറികളിൽ അവശ്യസന്ദർഭങ്ങളിൽ ഇത്തരം ഉല്പന്നങ്ങളെ ഉപയോഗിക്കൽ | 3 മാസത്തിലൊരിക്കൽ | 3, 4 ക്ലാസുകൾ | വിദ്യാരംഗം കലാസാഹിത്യവേദി | പി. റ്റി. എ.<br>ബി. ആർ. സി. |

## മലയാളം

| ക്രമ നം. | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ക്ലാസ് | പിന്തുണ നടത്തിപ്പ് | സാമ്പത്തികം |
|---|---|---|---|---|---|---|
| 8 | ലൈബ്രറിശാക്തീകരണ മേഖല : സാഹിത്യലോകത്തിലേയ്ക്ക് ഇറങ്ങിച്ചെന്ന് വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടാൻ അവസരം ഒരുക്കൽ | 1. ലൈബ്രറിയിലേയ്ക്ക് ഭവനസന്ദർശനത്തിലൂടെയും മറ്റും കൂടുതൽ പുസ്തകങ്ങൾ ശേഖരിക്കൽ, അവയെ തരംതിരിച്ച് വിതരണരജിസ്റ്ററിൽ ചേർക്കൽ<br>2. ജന്മദിന പുസ്തക പദ്ധതിയിലൂടെ ലൈബ്രറിയെ ശക്തിപ്പെടുത്തൽ | വർഷത്തിൽ ഒരു പ്രാവശ്യം | സ്കൂൾ തലം | PTA<br>ടീച്ചേഴ്സ്<br>ക്ലാസ് ലീഡർ | 1000 രൂപ സ്പോൺസർഷിപ്പ് |
| 9 | നാടകീകരണം – ഒളിഞ്ഞുകിടക്കുന്ന കലാവാസനകളെ പരിപോഷിപ്പിക്കൽ | അനുയോജ്യമായ പാഠഭാഗങ്ങളുടെ നാടകീകരണം. അതിനാവശ്യമായ സംഭാഷണം തയ്യാറാക്കി പരിശീലനം നേടുന്നു. വിവിധ വേദികളിൽ (അസംബ്ലി, സി. പി. റ്റി. എ. ആഘോഷ ചടങ്ങുകൾ) അവതരണം. | അനുയോജ്യമായ സന്ദർഭങ്ങളിൽ | സ്കൂൾ തലം | ടീച്ചേഴ്സ്<br>SRG<br>രക്ഷകർത്താക്കൾ | PTA<br>ടീച്ചേഴ്സ് |
| 10 | ഭാഷാശേഷി വികസനം ഒരു സാഹിത്യരൂപത്തെ വ്യത്യസ്ത രൂപങ്ങളിലേയ്ക്ക് മാറ്റുന്നു. | കുട്ടികൾ പരിചയപ്പെട്ടിട്ടുള്ള ബാലസാഹിത്യ കൃതികളെ വ്യത്യസ്ത ആവിഷ്കാര രൂപത്തിലാകുന്നു. | പ്രതിമാസ പരിപാടി | സ്കൂൾ തലം | ടീച്ചേഴ്സ് | ടീച്ചേഴ്സ് |
| 11 | കുട്ടികളുടെ ഉച്ചഭാഷിണി – അവതരണ മികവ് കൈവരിക്കൽ | വിദ്യാലയത്തിലെ മൈക്കിലൂടെ ഒഴിവു സമയങ്ങളിൽ കുട്ടികൾക്ക് വിവിധ പരിപാടികൾ അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ –വാർത്തകൾ, പ്രഭാഷണങ്ങൾ, കവിതകൾ, കടംകഥകൾ, ക്വിസ് തുടങ്ങിയവ | എല്ലാ ദിവസവും ഒഴിവു സമയങ്ങൾ | സ്കൂൾതലം | എസ്. ആർ. ജി. | ടീച്ചേഴ്സ് |
| 12 | അമ്മവായന – വിദ്യാലയ വിഭവങ്ങൾ സമൂഹവുമായി പങ്കുവയ്ക്കുന്നു. | വായനയിൽ താൽപര്യമുള്ള അമ്മമാർക്കു വേണ്ടി പ്രത്യേക രജിസ്റ്റർ മുഖേന ലൈബ്രറി പുസ്തകങ്ങൾ വിതരണം നടത്തൽ, വായനാ പതിപ്പ് തയ്യാറാക്കൽ. | ആവശ്യാനുസരണം | സ്കൂൾ തലം | ലൈബ്രറി ചാർജ്ജുള്ള ടീച്ചർ | ടീച്ചേഴ്സ് |

## ഇംഗ്ലീഷ്

| ക്രമ നം. | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ക്ലാസ് | പിന്തുണ നടത്തിപ്പ് | സാമ്പത്തികം |
|---|---|---|---|---|---|---|
| 13 | ഇംഗ്ലീഷിൽ നിർഭയമയി ആശയവിനിമയം ചെയ്യുന്നതിന് എല്ലാ കുട്ടികളേയും പ്രാപ്തരാക്കുക.<br>(Let's speak English) | 1. Hello English<br>2. Class Library<br>3. Reading club formation, Reading contests<br>4. Library Modification (School level)<br>5. English Assembly<br>6. Reading notes presentation<br>7. Reading books in Assembly<br>8. English Camps<br>9. Drama presenting<br>10. Telling Stories<br>11. English Announcements<br>12. English Day | 1 വർഷം മുഴുവൻ | 1 മുതൽ 4 വരെ ക്ലാസ്സുകൾ | ടീച്ചേഴ്സ്, രക്ഷകർത്താക്കൾ<br>പി. റ്റി. എ. | എസ്. എസ്. എ. |
| 14 | എല്ലാകുട്ടികളും അതാതു ക്ലാസുകളിലെ ഇംഗ്ലീഷ് ഭാഷാപഠനനേട്ടങ്ങൾ ആർജ്ജിക്കുന്നു.<br>(Know English) | 1. Role play<br>2. Choreography<br>3. Telling Stories<br>4. Rhymes and poems in Assembly<br>5. English Speech<br>6. Drama - Skit, Script writing<br>7. Anchoring in Balasabha<br>8. Making charts, wall pictures<br>9. Collecting poems, stories<br>10. Reading new paper<br>11. Spelling Bee contest<br>12. Work Sheets, Test papers<br>13. Terminal Exams, Monitoring | വാർഷിക പദ്ധതി | 1 മുതൽ 4 വരെ ക്ലാസ്സുകൾ | ടീച്ചേഴ്സ്, രക്ഷകർത്താക്കൾ<br>പി. റ്റി. എ. | എസ്. എസ്. എ. |

## ഇംഗ്ലീഷ്

| ക്രമ നം. | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ക്ലാസ് | പിന്തുണ നടത്തിപ്പ് | സാമ്പത്തികം |
|---|---|---|---|---|---|---|
| 15 | ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം സൃഷ്ടിക്കൽ | 1. Skit presentation<br>2. Script writing<br>3. Poem writing camps<br>4. Story telling competition<br>5. Bala Sabha and class sabha<br>6. Making class magazines<br>7. Making school mangazines<br>8. Making charts<br>9. Developing stories from clues<br>10. Story collecion books<br>11. Reciting competition | 1 വർഷം മുഴുവൻ | 1 മുതൽ 4 വരെ ക്ലാസ്സുകൾ | ടീച്ചേഴ്സ്, രക്ഷകർത്താക്കൾ<br>പി. റ്റി. എ. | എസ്. എസ്. എ. |
| 16 | സ്വതന്ത്ര വായനയ്ക്കും എഴുത്തിനും കുട്ടികളെ സജ്ജരാക്കുക | 1. Collection of books for reading<br>2. Library modification<br>3. Daile collection<br>4. Reading Poems & Stories<br>5. Group reading<br>6. Sharing in groups<br>7. Reading Contests<br>8. Reading from computer (E-reading)<br>9. Reading club<br>10. Story writing competition<br>11. English day making wall charts<br>12. Making story collection books and Magazines<br>13. Library groups - Reading books and writing notes on them | വാർഷിക പദ്ധതി | 1 മുതൽ 4 വരെ ക്ലാസ്സുകൾ | ടീച്ചേഴ്സ്, രക്ഷകർത്താക്കൾ<br>പി. റ്റി. എ. | എസ്. എസ്. എ. |

## ഇംഗ്ലീഷ്

| ക്രമ നം. | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ക്ലാസ് | പിന്തുണ നടത്തിപ്പ് | സാമ്പത്തികം |
|---|---|---|---|---|---|---|
| 17 | സാങ്കേതിക വിദ്യാസാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികാസത്തിന് പ്രയോജനപ്പെടുന്നു. | English computing for all pupils<br>Practise in reciting, story telling and skits through videos<br>English Quiz practise<br>Watching videos and writing stories.<br>Practise to speech through videos<br>Making folder in computer<br>Taking messages and sending messages. | 1 വർഷം മുഴുവൻ | 1 മുതൽ 4 വരെ ക്ലാസ്സുകൾ | ടീച്ചേഴ്സ്, രക്ഷകർത്താക്കൾ<br>പി. റ്റി. എ. | എസ്. എസ്. എ. |

## ശാസ്ത്രം

| ക്രമ നം. | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ക്ലാസ് | പിന്തുണ നടത്തിപ്പ് | സാമ്പത്തികം |
|---|---|---|---|---|---|---|
| 18 | ശാസ്ത്ര പഠനത്തിൽ താല്പര്യം വളർത്തുക ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം ഇവ വളർത്തുക. | സയൻസ് ലാബ്, സയൻസ് കോർണർ, ശാസ്ത്രോത്സവങ്ങൾ, പഠനോപകരണ നിർമ്മാണ ശില്പശാല, സയന്റിസ്റ്റുമായി അഭിമുഖം, സയൻസ് ക്വിസ്, സയൻസ് വാർത്തകൾ, ശാസ്ത്ര മാസികകൾ വായന, വിവരങ്ങൾ ശേഖരിക്കൽ, ശാസ്ത്രക്ലബ്ബ്, ലഘു പരീക്ഷണങ്ങൾ, മഹാൻമാരായ ശാസ്ത്രജ്ഞൻമാരെക്കുറിച്ചുള്ള വിവരങ്ങൾ അവതരണം, ആധുനിക കണ്ടുപിടിത്തങ്ങൾ, ഡിബേറ്റ്, പ്രതിമാസ വിലയിരുത്തൽ, സെമിനാർ, ലഘു പരീക്ഷണങ്ങൾ, നിരീക്ഷ ണ ക്കുറിപ്പ് തയ്യാറാക്കൽ, പ്രോജക്ടുകൾ, ഫീൽഡ് ട്രിപ്പ്, ആൽബനിർമ്മാണം, Port Follio, നക്ഷത്ര നിരീക്ഷണം, Work Sheet ജല ഉപയോഗം, ബോധവൽക്കരണ ക്ലാസ് മഴക്കലണ്ടർ, മഴമാപിനി | 1 വർഷം | 1 മുതൽ 4 വരെ | ടീച്ചേഴ്സ് SRG BRC | SRG ഗ്രാമപഞ്ചായത്ത് |
| 19 | ശാസ്ത്രത്തിലെ അടിസ്ഥാന ആശയങ്ങളിലും മനോഭാവങ്ങളിലും പരിമിതികളുള്ള കുട്ടികളെ അത് മറികടക്കാൻ പിൻതുണ നൽകുക. | ശാസ്ത്രകാരൻമാരുടെ ജീവിത കഥകൾ അവതരിപ്പിക്കൽ, ശാസ്ത്രജ്ഞൻമാരുടെ ചിത്രങ്ങൾ ശേഖരണം, ലഘു പരീക്ഷണങ്ങൾ, കുട്ടികൾക്ക് കൗൺസിലിംഗ്, ചിത്ര ശേഖരണം, കൃഷി രീതികൾ വികസിപ്പിക്കൽ, Port Follio മികച്ചവ കണ്ടെത്തി സമ്മാനം നൽകൽ, Work Sheet, ജീവികളുടെ ചിത്രം വരയ്ക്കൽ, ശാസ്ത്രീയ പാചകം പരിചയപ്പെടൽ പ്രോജക്ട്. | 1 വർഷം | 1 മുതൽ 4 വരെ | ടീച്ചേഴ്സ് SRG BRC | SSA സ്പോൺസർഷിപ്പ് |

## ശാസ്ത്രം

| ക്രമ നം. | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ക്ലാസ് | പിന്തുണ നടത്തിപ്പ് | സാമ്പത്തികം |
|---|---|---|---|---|---|---|
| 20 | ശാസ്ത്ര പഠനത്തെ സാമൂഹ്യ മുന്നേറ്റത്തിനു പ്രയോജനപ്പെടുത്താനുള്ള മനോഭാവം വളർത്തുന്നു. | ജൈവ വൈവിധ്യ ഉദ്യാനം, പച്ചക്കറിത്തോട്ട നിർമ്മാണം, പച്ചക്കറി വിത്ത് - കുട്ടികൾക്ക് നൽകുന്നു, എന്റെ മരം പദ്ധതി, വൃക്ഷത്തൈ വിതരണം, ശുചിത്വ ആരോഗ്യ പോസ്റ്ററുകൾ നിർമ്മിക്കൽ, പ്രദർശനം, കുടുംബാരോഗ്യ സംരക്ഷണം, സുരക്ഷിതമായ ഭക്ഷണ ശീലങ്ങൾ, ആരോഗ്യ ബോധവൽക്കരണക്യാമ്പ്, സ്കൂൾ ശുചിത്വം- നിയമാവലി തയ്യാറാക്കൽ പരിശോധന, ആധുനിക കണ്ടുപിടിത്തങ്ങൾ മനുഷ്യപുരോഗതിക്ക് - പ്രോജക്ട്, കുട്ടികളുടെ പരാതികൾ ബോധിപ്പിക്കൽ ബോക്സ്, Field Trip, പഠനോപകരണനിർമ്മാണം, സെമിനാർ - ജലഉപയോഗം, വരൾച്ച, പരിസരശുചിത്വം,പകർച്ചവ്യാധികൾ, പ്രാദേശിക ഭൂപട രചന. | 1 വർഷം | 1 മുതൽ 4 വരെ | ടീച്ചേഴ്സ്<br>PTA<br>BRC | SRG<br>PTA<br>ഗ്രാമപഞ്ചായത്ത് |
| 21 | പാരിസ്ഥിതി അവബോധം വളർത്തുക, ജനാധിപത്യ ബോധം വികസിപ്പിക്കുന്നതിന് പ്രയോജനപ്പെടുത്തുക. | പരിസ്ഥിതി സംരക്ഷണ പോസ്റ്റർ, വംശനാശം വന്നുകൊണ്ടിരിക്കുന്ന ജീവി വർഗ്ഗങ്ങൾ - പ്രോജക്ട്, ജല ഉപയോഗം- പ്രോജക്ട് പ്രകൃതി നടത്തം - Field Trip, പ്ലാസ്റ്റിക് ഉപയോഗം നിരുൽസാഹപ്പെടുത്തൽ, ശുചിത്വ ബോധം - പ്രോജക്ടുകൾ, ഗ്രീൻ പ്രോട്ടോകോൾ നടപ്പാക്കുക, കാർഷിക വൃത്തികൾ തുടർ പ്രവർത്തനങ്ങൾ, റാലി സംഘടിപ്പിക്കൽ, സ്കൂൾ ലീഡർ, ക്ലാസ് ലീഡർമാർ - തെരഞ്ഞെടുപ്പ്, പ്രവർത്തനം, അവലോകനം. | 1 വർഷം | 1 മുതൽ 4 വരെ | ടീച്ചേഴ്സ്<br>SRG<br>BRC | SSA<br>സ്പോൺസർഷിപ്പ് |

## ശാസ്ത്രം

| ക്രമ നം. | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ക്ലാസ് | പിന്തുണ നടത്തിപ്പ് | സാമ്പത്തികം |
|---|---|---|---|---|---|---|
| 22 | ലഘു പരീക്ഷണങ്ങളിലും, നിരീക്ഷണങ്ങളിലും പ്രാഗത്ഭ്യം ഉളവാക്കുക. | പാഠ്യഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ പട്ടികപ്പെടുത്തൽ, സാമഗ്രികൾ പട്ടികപ്പെടുത്തൽ, സാമഗ്രികൾ ശേഖരിക്കൽ, പരീക്ഷണാസൂത്രണം എന്നിവ അധ്യാപകരുടെ നേതൃത്വത്തിൽ നിർവ്വഹിക്കാൻ കുട്ടികൾക്കു അവസരം - ഒഴിവുവേളകളിലും അസംബ്ലിയിലും കുട്ടികൾക്ക് ലഘു പരീക്ഷണം ചെയ്യുന്നതിനുള്ള അവസരം - കുട്ടികൾ ചെയ്ത പരീക്ഷണങ്ങളുടെയും, പരീക്ഷണക്കുറിപ്പുകളുടെയും അവലോകനം- ഏറ്റവും കൂടുതൽ പരീക്ഷണം ചെയ്ത കുട്ടിയെ അനുമോദിക്കൽ, കുട്ടി ശാസ്ത്രജ്ഞനായി പ്രഖ്യാപിക്കൽ. | 1 വർഷം | 1 മുതൽ 4 വരെ | ടീച്ചേഴ്സ്<br>PTA | SRG<br>PTA<br>SSA |
| 23 | ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | വീഡിയോ പ്രദർശനങ്ങൾ, നിരീക്ഷണം, വിവരശേഖരണം, വർഗ്ഗീകരണം, പഠനോപകരണ നിർമ്മാണം എന്നിവയ്ക്ക് ഉപയുക്തമായ രീതിയിൽ ഐ. റ്റി. സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു. കുട്ടികൾക്ക് കണ്ടെത്തിയ വിവരങ്ങൾ കൈമാറ്റം ചെയ്യാൻ അവസരം നൽകുന്നു. | 1 വർഷം | 1 മുതൽ 4 വരെ | ടീച്ചേഴ്സ്<br>SRG<br>BRC | SRG<br>SSA |

## ശാസ്ത്രം

| ക്രമ നം. | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ക്ലാസ് | പിന്തുണ നടത്തിപ്പ് | സാമ്പത്തികം |
|---|---|---|---|---|---|---|
| 24 | ശാസ്ത്രലാബ് – ശാസ്ത്ര ലാബ് ഒരുക്കൽ ശസ്ത്രാഭിരുചി വളർത്തൽ | സയൻസ് ലാബിലേക്ക് ആവശ്യ ഉപകരണങ്ങളും മറ്റും സംഘടിപ്പിക്കൽ. വിവിധതരം ചാർട്ടുകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ പരീക്ഷണ സാമഗ്രികൾ സംഘടിപ്പിക്കൽ (കൂട്ടിച്ചേർക്കൽ) | ആവശ്യാനുസരണം | 1 മുതൽ 4 വരെ ക്ലാസുകൾ | സയൻസ് ക്ലബ്ബ് | |
| 25 | പ്രതിഭാപേഷണ പരിപാടി – പ്രതിഭകൾക്ക് വിദഗ്ദ്ധ പരിശീലനവും ക്ലാസുകളും നൽകൽ | ശാസ്ത്രത്തിൽ മികവാർന്ന നിലവാരം പുലർത്തുന്ന കുട്ടികൾക്കായി പ്രത്യേക പരിശീലന ക്ലാസുകൾ അവധിക്കാലങ്ങളിൽ സംഘടിപ്പിക്കൽ. | ഒഴിവു ദിവസങ്ങൾ | 1 മുതൽ 4 വരെ ക്ലാസുകൾ | SRG SSA | 2000 PTA |
| 26 | മേളകൾ – ശാസ്ത്ര പ്രവർത്തിന്റെ ഭാഗമാക്കുക. | സ്കൂൾ ശാസ്ത്ര മേളകളിൽ പരമാവധി കുട്ടികളുടെ പങ്കാളിത്തം ഉറപ്പിക്കൽ | വർഷത്തിൽ 1 തവണ | 1 മുതൽ 4 വരെ ക്ലാസുകൾ | സയൻസ് ക്ലബ്ബ് | 2500 PTA & Tecahers |
| 27 | ബുള്ളറ്റിൻ ബോർഡ് – സാമൂഹിക ശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യൽ | വിദ്യാലയങ്ങളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും വായിക്കുവാൻ സൗകര്യപ്രദമായ ഒരു സ്ഥലത്ത് ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും എല്ലാ ദിവസത്തെയും പ്രധാന വാർത്തകൾ പ്രദർശിപ്പിക്കുകയും ചെയ്യൽ. അവയെ അടിസ്ഥാനമാക്കി മാസംതോറും ക്വിസ് പരിപാടി) | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | 1 മുതൽ 4 വരെ ക്ലാസുകൾ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | 1000 PTA |
| 28 | ദിനാചരണങ്ങൾ – വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ചു വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ ചർച്ച ചെയ്ത് എസ്. ആർ. ജി. യിൽ രൂപപ്പെടുത്തുന്ന നിശ്ചിത ദിവസങ്ങളിൽ. അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | 1 മുതൽ 4 വരെ ക്ലാസുകൾ | ക്ലബ്ബ് കൺവീനർമാർ | |

## ശാസ്ത്രം

| ക്രമ നം. | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ക്ലാസ് | പിന്തുണ നടത്തിപ്പ് | സാമ്പത്തികം |
|---|---|---|---|---|---|---|
| 29 | സൗരോർജ്ജ പാനൽ - പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളുടെ ഉപയോഗപ്പെടുത്തൽ | കെട്ടിടത്തിന്റെ മുകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ലഭ്യമാക്കൽ | 4 വർഷം | 1 മുതൽ 4 വരെ ക്ലാസുകൾ | PTA | 2000 PTA |
| 30 | പഠനപിന്നാക്കാവസ്ഥ പരിഹരിക്കൽ വർക്കുഷീറ്റുകൾ - പഠനപിന്നാക്കാവസ്ഥയുള്ള കുട്ടികളുടെ പഠന പ്രശ്നപരിഹരണം. | പഠനപിന്നാക്കാവസ്ഥയിലുള്ള കുട്ടികളുടെ പഠനത്തിന് സഹായകമാകുന്നതരത്തിലുള്ള വിവിധതരം വർക്കുഷീറ്റുകളുടെ നിർമ്മാണം. | ഓരോ ടേമിലും 1 വീതം | 1 മുതൽ 4 വരെ ക്ലാസുകൾ | SRG, PTA SMC MPTA | |
| 31 | പഠനയാത്രകൾ - പാഠ്യവസ്തുതക്കളെ നേരിൽകണ്ടറിയുന്നതിന് | ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സ്മാരകങ്ങൾ തുടങ്ങിയവയിലേക്കുള്ള പഠനയാത്രകൾ സംഘടിപ്പിക്കൽ. | വർഷത്തിൽ 2 തവണ | 1 മുതൽ 4 വരെ ക്ലാസുകൾ | SRG | 1000 സ്പോൺസർഷിപ്പ് |
| 32 | സെമിനാർ/ഡിബേറ്റ് - സാമൂഹിക പ്രസക്തിയുള്ള വിഷയങ്ങളെക്കുറിച്ച് സംവാദം നടത്തി നിഗമനങ്ങൾ രൂപീകരിക്കുക. | സമകാലീന പ്രസക്തിയുള്ള സാമൂഹിക ശാസ്ത്ര വിഷയങ്ങളെക്കുറിച്ച് സംവാദം, സെമിനാർ, ഡിബേറ്റ്, പാനൽ ചർച്ച എന്നിവ സംഘടിപ്പിക്കൽ | മാസത്തിൽ 2 വീതം | 1 മുതൽ 4 വരെ ക്ലാസുകൾ | SRG | 2000 PTA |
| 33 | പ്രപഞ്ച പ്രതിഭാസങ്ങളെ ആസ്വദിക്കുന്നതിനും അവയെ ശാസ്ത്രീയമായി വിശകലനം ചെയ്യുന്നതിനുമുള്ള മനോഭാവം സൃഷ്ടിക്കുക. | ആകാശഗോളങ്ങളെക്കുറിച്ചുള്ള വീഡിയോ പ്രദർശനം, ദിനാചരണങ്ങൾ, ചിത്രശേഖരണം, ചുമർ പത്രിക, ചാർട്ട് ഇവ തയ്യാറാക്കൽ പ്രോജക്ടുകൾ, ഫീൽഡ് ട്രിപ്പും നീരിക്ഷണവും തുടങ്ങിയ പ്രവർത്തനങ്ങൾ | സാധ്യമായ അവസരങ്ങളിൽ | 1 മുതൽ 4 വരെ ക്ലാസുകൾ | SRG PTA Teachers | |

## ശാസ്ത്രം

| ക്രമ നം. | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ക്ലാസ് | പിന്തുണ നടത്തിപ്പ് | സാമ്പത്തികം |
|---|---|---|---|---|---|---|
| 34 | ട്രാഫിക്ക് അടയാളങ്ങളും മനസ്സിലാക്കുകയും റോഡ് നിയമങ്ങൾ പാലിക്കുന്ന തിനുള്ള മനോഭാവം വളർത്തിയെടുക്കുക. | റോഡ് സുരക്ഷയുമായി ബന്ധപ്പെട്ടുള്ള വാഹന നിയമങ്ങൾ മനസ്സിലാക്കാൻ യാത്രാ നിയമങ്ങൽ മനസ്സിലാക്കാൻ ട്രാഫിക് ചിഹ്നങ്ങളെക്കുറിച്ചും അടയാളങ്ങ ളെക്കുറിച്ചുമുള്ള അറിവ് വളർത്തിയെടു ക്കാൻ ചിത്രം നൽകൽ വാഹനങ്ങളുടെ ചിത്രം ശേഖരിച്ച് കുറിപ്പ് തയ്യാറാക്കൽ, കളറിംങ് | 1 വർഷം | 1 മുതൽ 4 വരെ ക്ലാസു കൾ | Teachers BRC | SRG ഗ്രാമപഞ്ചായത്ത് |
| 35 | പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലും പരി സര ശുചീകരണ പ്രവർത്തനങ്ങളിലും ഏർപ്പെടുക പ്രാധാന്യം തിരിച്ചറിയുക. | ക്ലബ്ബ് പ്രവർത്തനങ്ങൾ പൂന്തോട്ടം ഒരുക്കൽ സ്കൂളിൽ ഓണത്തിന് ഒരുമുറം പച്ചക്കറി- പച്ചക്കറിത്തോട്ടം പരിപാലിക്കൽ ക്ലാസ് തലത്തിലും സ്കൂൾ തലത്തിലും ശുചിത്വ പരിശോധന. വീട്ടിലൊരു പച്ചക്കറിത്തോ ട്ടം, ചങ്ങാതിക്കൊരു തൈ, പോസ്റ്റർ നിർമ്മാണം, വീഡിയോ പ്രദർശനം. | 1 വർഷം | 1 മുതൽ 4 വരെ ക്ലാസു കൾ | Teachers PHC | Staff Council ഗ്രാമപഞ്ചായത്ത് |
| 36 | ആഹാരത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും ആരോഗ്യ സംരക്ഷണ ത്തെക്കുറിച്ചും അവ ബോധം വളർത്തിയെടു ക്കുക. | ആഹാര വസ്തുക്കൾ പട്ടികപ്പെടുത്തൽ പ്രകൃതിദത്തവും പോക്ഷക സമൃദ്ധമായ ആഹാരത്തിന്റെ പ്രാധാന്യവും തിരച്ച റിഞ്ഞ് ആഹാരരീതിയിൽ മാറ്റം വരുത്തി യതിനെക്കുറിച്ച് കുറിപ്പുകൾ തയ്യാറാക്കൽ ആഹാരക്രമീകരണം പങ്കുവയ്ക്കൽ മന സ്സിലാക്കൽ ആരോഗ്യ അറിയിപ്പുകൾ, ആരോഗ്യപരിശോധനാ ക്യാമ്പുകൾ നട ത്തുക. ആരോഗ്യ കാർഡുകൾ തയ്യാറാ ക്കൽ ഭക്ഷ്യ വിഭവങ്ങൾ നിർമ്മിക്കൽ. | 1 വർഷം | 1 മുതൽ 4 വരെ ക്ലാസു കൾ | Teachers BRC | SRG ഗ്രാമപഞ്ചായത്ത്, സന്നദ്ധ സംഘട നകൾ |

## ഗണിത ശാസ്ത്രം

| ക്രമ നം. | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ക്ലാസ് | പിന്തുണ നടത്തിപ്പ് | സാമ്പത്തികം |
|---|---|---|---|---|---|---|
| 37 | അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുന്നു. (CWSN കുട്ടികൾ ഉൾപ്പെടെ | ഗണിത ചാർട്ടുകൾ, ഗണിത ചാർട്ട് നിർമ്മാണം, ഗണിത ക്വിസ്, ഗണിത കളികൾ - മനക്കണക്ക് കൂട്ടങ്ങളാക്കൽ, യോജിപ്പിച്ചുവരയ്ക്കൽ, വഴികണ്ടെത്തൽ, പാറ്റേൺ കണ്ടെത്തൽ, ഗണിത രൂപങ്ങളുടെയും കളിയുപകരണങ്ങളുടേയും നിർമ്മാണം, ക്ലാസ് കലണ്ടർ നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങൾ നൽകുന്നു. | ഒരു വർഷം | 1 മുതൽ 4 വരെ ക്ലാസുകൾ | Teachers<br>SRG<br>PTA | SSA<br>PTA |
| 38 | ഗണിത പഠനശേഷികൾ ഓരോ ഘട്ടത്തിലും നേടി എന്ന് ഉറപ്പുവരുത്തുന്നു. | സങ്കലനം- ശേഷി നേടുന്നതിനാവശ്യമായ ചോദ്യങ്ങൾ നൽകൽ, വ്യവകലനം തിരിച്ചറിഞ്ഞ് പ്രശ്ന നിർധാരണം ചെയ്യാനുള്ള ചോദ്യങ്ങൾ നൽകൽ, സങ്കലന ചാർട്ട് നിർമ്മാണം, വ്യവകലന ചാർട്ട് നിർമ്മാണം, സംഖ്യാ പടവുകൾ (സങ്കലനം വ്യവകലനം), വാച്ച് നിർമ്മാണം, ക്ലോക്ക് വരയ്ക്കൽ, സംഖ്യാ വ്യഖ്യാനം, ചില്ലറയാക്കൽ - അബാക്കസ്, സ്ഥാനവില പോക്കറ്റ് നൽകി കണ്ടെത്തൽ, പ്രായോഗിക പ്രശ്നങ്ങൾ, ഗണിത പസിൽസ്, കലണ്ടർ പാറ്റേണുകൾ, ചിത്ര പാറ്റേണുകൾ, സംഖ്യ പാറ്റേണുകൾ, Moke Shop പ്രവർത്തനങ്ങൾ, പ്രതിമാസ വിലയിരുത്തൽ, ടേം വിലയിരുത്തൽ | ഒരു വർഷം | 1 മുതൽ 4 വരെ ക്ലാസുകൾ | Teachers<br>SRG<br>PTA | SSA<br>PTA |

## ഗണിത ശാസ്ത്രം

| ക്രമ നം. | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ക്ലാസ് | പിന്തുണ നടത്തിപ്പ് | സാമ്പത്തികം |
|---|---|---|---|---|---|---|
| 39 | ഗണിതത്തെ നിത്യജീവിതവുമായി ബന്ധപ്പെടുത്തുന്നു. | Moke Shop - സ്റ്റോക്ക് രജിസ്റ്റർ, ദിനക്കണക്ക്, ചില്ലറയാക്കൽ, ഗണിത പ്രോജക്റ്റുകൾ, വിവിധ ചെലവുകൾ – സ്കൂൾ, വീട്, ഗണിത ശില്പശാല, ജന്മദിനക്കലണ്ടർ, അന്തരീക്ഷ താപനില കണ്ടെത്തൽ, ക്ലോക്ക് നിർമ്മാണം സമയം, സമയദൈർഘ്യം ഇവ കണക്കൽ, പ്രോജക്ട്, ഗണിത പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ, ഗണിത മാഗസീൻ | ഒരു വർഷം | 1 മുതൽ 4 വരെ ക്ലാസുകൾ | Teachers<br>SRG<br>PTA | SSA<br>PTA |
| 40 | ഗണിത രീതികൾ പ്രാദേശികാടിസ്ഥാനത്തിൽ പരിചയപ്പെടുത്തുന്നു. ഗണിതത്തിൽ പെൺകുട്ടികൾക്ക് സവിശേഷ സ്ഥാനം ഉറപ്പാക്കുന്നു. | പ്രോജക്ടുകൾ, വീടുകളിലെ വിവിധ ആവശ്യങ്ങൾക്കുള്ള വസ്തുക്കളുടെ അളവ് കണ്ടെത്തൽ, ബജറ്റ് തയ്യാറാക്കൽ, വീട്, സ്കൂൾ, വാർഷികം, ഉച്ചഭക്ഷണം, സുഡോക്കുകൾ, ചെസ്, ഗണിത ശാസ്ത്രജ്ഞരുടെ നേട്ടങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ ഗണിത തലത്തിൽ | ഒരു വർഷം | 1 മുതൽ 4 വരെ ക്ലാസുകൾ | Teachers<br>SRG<br>PTA | SSA<br>PTA |
| 41 | ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്നു. | ഗണിത പസിൽസ്, കമ്പ്യൂട്ടർ ഗണിതം, ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ കമ്പ്യൂട്ടർ ക്വിസ്, പതിപ്പുകൾ തയ്യാറാക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പാക്കുന്നു. | മാസത്തിൽ 1 തവണ | 1 മുതൽ 4 വരെ ക്ലാസുകൾ | Teachers<br>SRG<br>BRC | SSA |
| 42 | ഗണിത ലാബ് സജ്ജീകരിക്കൽ– ഗണിത പ്രവർത്തനങ്ങൾ സുഗമമാക്കാൽ | സ്കൂളിലെ അനുയോജ്യമായ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ ലാബിൽ വച്ച് ഗണിത ക്ലാസ് നടത്തൽ | ആവശ്യാനുസരണം | 1 മുതൽ 4 വരെ ക്ലാസുകൾ | SRG<br>ഗണിത ക്ലബ്ബ് | SSA<br>PTA |

**മേഖല : ഹിന്ദി പഠനം**

| പ്രവർത്തനത്തിന്റെ പേര് : ഹിന്ദി പഠിക്കാം<br>ക്ലാസ് : 3, 4 ക്ലാസുകൾ | | | | | |
|---|---|---|---|---|---|
| ക്രമ നം. | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
| 43 | ലഘു സംഭാഷണത്തിൽ ഏർപ്പെടുന്നതിനും ചിത്രസഹായത്തോടെ അക്ഷരങ്ങൾ വാക്കുകൾ ഇവതിരിച്ചറിഞ്ഞ് വായിക്കുന്നതിനും ലഘു പദങ്ങൾ എഴുതുന്നതിനും | ചിത്രസഹായത്തോടെ അക്ഷരങ്ങൾ, പദങ്ങൾ എഴുതൽ എന്നീ പ്രവർത്തനങ്ങൾ, ക്ലാസ് തല സംഭാഷണങ്ങൾ, അന്വേഷണങ്ങൾക്ക് ഉത്തരം ഹിന്ദിയിൽ പറയുന്നു, കേട്ട് മനസ്സിലാക്കുന്നതിന് അധ്യാപികയും കുട്ടികളും തമ്മിൽ ഹിന്ദിയിൽ സംഭാഷണം, | 6 മാസം | Class Teacher | SRG |

**മേഖല : കലാപഠനം**

**പ്രവർത്തനത്തിന്റെ പേര് : വരയ്ക്കാം,. പാടാം, കഥപറയാം**
**ക്ലാസ് : 1 മുതൽ 4 വരെ**

| ക്രമ നം. | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 44 | കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക, കലാഭിരുചി വളർത്തുക. | ചിത്രരചന, കവിത, സ്വതന്ത്രരചന, നാടൻപാട്ട്, ആലാപനം, എന്നിവയ്ക്ക് ക്ലാസ്സ് പ്രവർത്തനങ്ങളോടൊപ്പം അവസരവും പരിശീലനവും നൽകുക. കലാഭിരുചികൾ പ്രോത്സാഹിപ്പിക്കുന്നതിനും കലാപരിശീലനം നൽകുന്നതിനും വിദഗ്ദ്ധരെ നിയമിക്കൽ. | ആഴ്ചയിൽ ഒരു ദിവസം | ടീച്ചേഴ്സ്, SRG, PTA | ഗ്രാമ പഞ്ചായത്ത് |

**പ്രവർത്തനത്തിന്റെ പേര് : ചിത്രരചനാക്കളരി**
**ക്ലാസ് : 1 മുതൽ 4 വരെ**

| ക്രമ നം. | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 45 | ഓരോ കുട്ടിയുടേയും സവിശേഷമായ കഴിവിന്റെ വികാസത്തിന് അവസരമൊരുക്കുക. | ചിത്രരചനയിൽ പ്രാവീണ്യം നേടുന്നതിനായി കഴിവുള്ള കുട്ടികളെ തെരഞ്ഞെടുത്ത് 5 ദിവസത്തെ ചിത്രരചനാക്യാമ്പ് സംഘടിപ്പിക്കുക. | മധ്യവേനലവധി | ടീച്ചേഴ്സ്, SRG, PTA | 2500 എസ്. ഡി. സി. |

**പ്രവർത്തനത്തിന്റെ പേര് : ഫോട്ടോയെടുക്കാം**
**ക്ലാസ് : 1 മുതൽ 4 വരെ**

| ക്രമ നം. | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 46 | ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ കലാപരിശീലനത്തിനായി പ്രയോജനപ്പെടുത്തുക. | ദിനാചരണങ്ങൾ മറ്റുപരിപാടികൾ എന്നിവ പകർത്തുന്നതിലേക്കായി സ്കൂളിന് സ്വന്തമായി ഒരു ഡിജിറ്റൽ ക്യാമറ വാങ്ങൽ | 1 മാസം | ടീച്ചേഴ്സ്, SRG | 20,000 |

**മേഖല : പ്രവൃത്തി പരിചയം**

| പ്രവർത്തനത്തിന്റെ പേര് : തൊഴിലിലൂടെ മികവ് നേടാം<br>ക്ലാസ് : 1 മുതൽ 4 വരെ | | | | | |
|---|---|---|---|---|---|
| ക്രമ നം. | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
| 47 | നിർമ്മാണാത്മക പ്രവർത്തനങ്ങൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുന്നതിന് | നിർമ്മാണപ്രവർത്തനങ്ങൾക്കാവശ്യമായ വസ്തുക്കളുടെ ശേഖരണം, പേപ്പർ പൂക്കൾ, കുട പേപ്പർ ബാഗ്, പഠനോപകരണം ഇവ നിർമ്മിക്കൽ | ഒരു വർഷം | ടീച്ചേഴ്സ്, PTA | സ്പോൺസർ ഷിപ്പ് 5000 രൂപ |

| പ്രവർത്തനത്തിന്റെ പേര് : അമ്മമാർക്കൊരു തൊഴിൽ | | | | | |
|---|---|---|---|---|---|
| ക്രമ | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
| 48 | ഇതര വിഷയങ്ങളുമായി പ്രവൃത്തി പരിചയ അനുഭവത്തെ ബന്ധിപ്പിക്കൽ | ലോഷൻ, സോപ്പ്, ചന്ദനത്തിരി, കുട ഡിഷ് വാഷ്, പൗഡർ എന്നിവയുടെ നിർമ്മാണത്തിൽ അമ്മമാർക്ക് പരിശീലനം നൽകൽ | 1 വർഷത്തിൽ ഒന്നോ രണ്ടോ പ്രാവശ്യം | ടീച്ചേഴ്സ്, PTA | 5,000 രൂപ സ്പോൺസർ ഷിപ്പ് |

| പ്രവർത്തനത്തിന്റെ പേര് : എല്ലാവരും ഒന്നിച്ച്<br>ക്ലാസ് : 1 മുതൽ 4 വരെ | | | | | |
|---|---|---|---|---|---|
| ക്രമ നം. | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
| 49 | അവതരണ മികവ് കൈവരിക്കൽ | സ്കൂളിൽ പൊതുപരിപാടികളും ദിനാചരണങ്ങളും നടത്തുന്നതിനായി മൈക്ക് സെറ്റ് ലഭ്യമാക്കൽ. വിദ്യാലയത്തിലെ മൈക്കിലൂടെ ഒഴിവു സമങ്ങളിൽ കുട്ടികളുടെ വിവിധ പരിപാടികൾ അവതരിപ്പിക്കുന്നതിനുള്ള അവസരമൊരുക്കൽ, വാർത്തകൾ പ്രഭാഷണങ്ങൾ, കവിതകൾ, കടങ്കഥകൾ, ക്വിസ് തുടങ്ങിയവ അവതരിപ്പിക്കൽ | എല്ലാ ദിവസവും ഒഴിവു സമയങ്ങളിൽ | ടീച്ചേഴ്സ്, SRG | പി. റ്റി. എ. |

## മേഖല : ആരോഗ്യ കായിക വിദ്യാഭ്യാസം

**പ്രവർത്തനത്തിന്റെ പേര് : കളിച്ചു രസിക്കാം**

**ക്ലാസ് : 1 മുതൽ 4 വരെ**

| ക്രമ നം. | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 50 | എല്ലാ കുട്ടികൾക്കും ആരോഗ്യ കായിക ക്ഷമത ഉറപ്പുവരുത്തുക | ക്ലാസ തല കായിക പരിശീലനം നൽകുന്നതിനായി ഒഴിവുസമയങ്ങളിൽ കായിക ഉപകരണങ്ങൾ കുട്ടികൾക്ക് നൽകികൊണ്ട് പരിശീലനം നൽകുക. ലഘു മത്സരങ്ങൾ സംഘടിപ്പിക്കുക. | 1 വർഷം | എച്ച്,. എം, ടീച്ചേഴ്സ്, SRG | 2000 |

**പ്രവർത്തനത്തിന്റെ പേര് : കളിസ്ഥലം കണ്ടെത്താം**

**ക്ലാസ് : 1 മുതൽ 4 വരെ**

| ക്രമ നം. | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 51 | കായിക ആരോഗ്യം ഉറപ്പുവരുത്തുന്നതിന് | കുട്ടികൾക്ക് ശാരീരികവും മാനസികുമായ ആരോഗ്യം ലഭിക്കുന്നതിന് വിവിധതരം കളികളിൽ ഏർപ്പെടുന്നതിന് വേണ്ടിയുള്ള കളിസ്ഥലം നിർമ്മിക്കൽ ഇതിനായി സി. ആർ. സി. കെട്ടിടത്തിനരികിൽ നിൽക്കുന്ന മരം മുറിച്ചു മാറ്റൽ, അതിനു സമീപത്തുള്ള മൺതിട്ട ഇടിച്ച് നിരത്തി കളിസ്ഥലമാക്കൽ, സ്ഥലം കൂട്ടിച്ചേർക്കൽ. | 1 വർഷം | പി. റ്റി. എ. എസ്. എം. സി. | ഗ്രാമപഞ്ചായത്ത് 2,00,000 |

## മേഖല : ആരോഗ്യ കായിക വിദ്യാഭ്യാസം

### പ്രവർത്തനത്തിന്റെ പേര് : പോഷകാഹാരം വളർച്ചയ്ക്ക്

| ക്രമ നം. | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 52 | ആരോഗ്യമുള്ള ശരീരത്തിന് ഉടമക | ഉച്ചഭക്ഷണകമ്മിറ്റിയുടെ ആഴ്ചയിലേക്കുള്ള മെനു തയ്യാറാക്കി പോഷകസമൃദ്ധമായ ഭക്ഷണം വിതരണം ചെയ്യൽ, ഉച്ചഭക്ഷണത്തിനായി പാത്രങ്ങൾ ലഭ്യമാക്കൽ, പ്രീ-പ്രൈമറി കുട്ടികൾക്ക് എല്ലാ ദിവസവും പാൽ വിതരണം ചെയ്യൽ, പ്രഭാത ഭക്ഷണം നൽകൽ | എല്ലാ പ്രവൃത്തി | എച്ച്. എം. ഉച്ചഭക്ഷണ കമ്മിറ്റി, ടീച്ചേഴ്സ്, പിറ്റിഎ. | |

### പ്രവർത്തനത്തിന്റെ പേര് : ഒരുമിച്ചു കഴിക്കാം
### ക്ലാസ് : 1 മുതൽ 4 വരെ

| ക്രമ നം. | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 53 | ആരോഗ്യകരമായ ആഹാരരീതി ഉറപ്പാക്കൽ | ആരോഗ്യകരമായ രീതിയിൽ ഇരുന്ന് ഭക്ഷണം ആസ്വദിച്ച് കഴിക്കുന്നതിനുള്ള ഒരു ഡൈനിംഗ് ഹാൾ ഒരുക്കൽ, ബഞ്ച്, ഡസ്ക്, എന്നിവ ലഭ്യമാക്കൽ | 1 വർഷം | പി. റ്റി. എ. എസ്. എം. സി. | ഗ്രാമപഞ്ചായത്ത്, പ്രാദേശിക ഫണ്ട് |

### പ്രവർത്തനത്തിന്റെ പേര് : ഹെൽത്ത് റൂം

| ക്രമ നം. | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 54 | കുട്ടികൾക്ക് വിശ്രമം ലഭിക്കുന്ന | രോഗാവസ്ഥയിലും അവശതയിലുമുള്ള കുട്ടികൾക്ക് വിശ്രമിക്കുന്നതിനായി ഒരു വിശ്രമമുറി, ഹെൽത്ത് രജിസ്റ്റർ സൂക്ഷിക്കുന്നതിനായി അലമാര, ആരോഗ്യ പരിശോധന നടത്തുന്നതിനായി ഒരു മേശ, 2 കസേരകൾ ഇവ സജ്ജീകരിക്കൽ | 1 വർഷം | എച്ച്. എം. എസ്. ആർ. ജി. | പി. റ്റി. എ. |

## മേഖല : ആരോഗ്യ കായിക വിദ്യാഭ്യാസം

**പ്രവർത്തനത്തിന്റെ പേര് : കൗൺസിലിംഗ്**
**ക്ലാസ് : 1 മുതൽ 4 വരെ, പ്രീ–പ്രൈമറി**

| ക്രമ നം. | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 55 | കുട്ടികളിലെ പെരുമാറ്റ വൈകല്യം പഠനവൈകല്യം എന്നിവയെപ്പറ്റി മനസ്സിലാക്കൽ | കുട്ടികളിലെ മാനസിക, ശാരീരിക, പെരുമാറ്റ വൈകല്യങ്ങൾക്ക് പരിഹാരം കാണുന്നതിന് അവർക്ക് ബോധവൽക്കരണം നൽകുന്ന തരത്തിൽ ക്ലാസുകൾ സംഘടിപ്പിക്കൽ | 4 മാസം | SRG PTA | 2000 രൂപ സ്പോൺസർ ഷിപ്പ് |

**പ്രവർത്തനത്തിന്റെ പേര് : കളിച്ചു പഠിക്കാം**
**ക്ലാസ് : 1 മുതൽ 4 വരെ**

| ക്രമ നം. | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 56 | ആരോഗ്യ കായിക വിദ്യാഭ്യാസ ത്തിന് എല്ലാ കുട്ടികൾക്കും അവസ രങ്ങൾ ഒരുക്കുന്നു. | ഹെൽത്ത് ക്ലബ്ബ് രൂപീകരണം, അസംബ്ലി മാസ്ഡ്രിൽ പരിശീലനം, യോഗ പരിശീലനം, ഗ്രൂപ്പ് കളികൾ, നൃത്ത പരിശീലനം, ഗാനങ്ങൾക്ക് ചുവട് വയ്ക്കൽ പരിശീലനം | മാസത്തിൽ 4 തവണ | ടീച്ചേഴ്സ് | |

**പ്രവർത്തനത്തിന്റെ പേര് : സൗജന്യ മെഡിക്കൽ ക്യാമ്പ്**
**ക്ലാസ് : 1 മുതൽ 4 വരെ**

| ക്രമ നം. | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 57 | ആരോഗ്യമുള്ള സമൂഹത്തെ സൃഷ്ടിക്കുക | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾക്കും രക്ഷിതാക്കൾക്കും സമൂഹത്തിനുംവേണ്ടി വൈദ്യ പരിശോധന ഏർപ്പെടുത്തൽ | വർഷത്തിൽ 1 തവണ | എച്ച്. എം. പി, റ്റി, എ. | 5000 പി. റ്റി. എ. |

## മേഖല : ആരോഗ്യ കായിക വിദ്യാഭ്യാസം

**പ്രവർത്തനത്തിന്റെ പേര് : മാലിന്യ സംസ്ക്കരണം**

**ക്ലാസ് : 1 മുതൽ 4 വരെ, പ്രീ-പ്രൈമറി**

| ക്രമ നം. | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 58 | ക്യാമ്പസിനെ മാലിന്യമുക്തമാക്കുക. | അടുക്കളയിൽ നിന്നും കൈകഴുകുന്ന ഏരിയയിൽ നിന്നും ഒഴുകി വരുന്ന മലിനജലത്തെ സൗകര്യപ്രദമായ ഒരു കുഴികുത്തി അതിലേയ്ക്ക് വിട്ട് സ്ലാബ് ഇട്ട് കവർ ചെയ്യൽ, മാലിന്യങ്ങൾ അവശിഷ്ടങ്ങൾ എന്നിവ നിർമ്മാർജ്ജനം ചെയ്യുന്നതിനായി ഒരു കമ്പോസ്റ്റ് പിറ്റ് തയ്യാറാക്കൽ, പ്ലാസ്റ്റിക് മാലിന്യങ്ങൾ വേർതിരിച്ച് സൂക്ഷിക്കൽ. | 1 വർഷം | PTA | ഗ്രാമപഞ്ചായത്ത് 15,000/- വികസന സമിതി |

**മേഖല : ഐ. സി. റ്റി.**

| പ്രവർത്തനത്തിന്റെ പേര് : സ്മാർട്ട് ക്ലാസ് റൂം<br>ക്ലാസ് : 1 മുതൽ 4 വരെ | | | | | |
|---|---|---|---|---|---|
| ക്രമ നം. | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
| 59 | വിവരസാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക | പഠനം കൂടുതൽ കാര്യക്ഷമവും അനായാസവും ആക്കുന്നതിനായി സ്മാർട്ട്ക്ലാസ്റൂം ഒരുക്കൽ, കുട്ടികൾക്കും അധ്യാപകർക്കും കമ്പ്യൂട്ടർ പരിശീലനം ഉറപ്പുവരുത്തൽ, ദിനാചരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കും ക്ലാസ് പ്രവർത്തനങ്ങൾക്കും പ്രയോജനപ്പെടുത്തൽ | 1 വർഷം | PTA<br>SMC | ഗ്രാമപഞ്ചായത്ത് 3 ലക്ഷം |

| പ്രവർത്തനത്തിന്റെ പേര് : ലാപ്പ് ടോപ്പ് പരിശീലനം<br>ക്ലാസ് : 1 മുതൽ 4 വരെ | | | | | |
|---|---|---|---|---|---|
| ക്രമ നം. | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
| 60 | അറിവു നിർമ്മാണ പ്രക്രിയയിൽ വിവരസാങ്കേതി വിദ്യയുടെ അനന്തമായ സാധ്യതകൾ പ്രയോജനപ്പെടുത്തുക. | ആവശ്യമായ ലാപ്പ് ടോപ്പുകൾ ലഭ്യമാക്കൽ Folder നിർമ്മാണം, Social Media, Animation, Typewriting, E-വായന, പഠനോപകരണങ്ങൾ രൂപപ്പെടുത്തൽ തുടങ്ങിയവയ്ക്കായി പരിശീലനം നൽകൽ | 1 വർഷം | PTA,<br>Staff | ഗ്രാമപഞ്ചായത്ത്<br>ബി. ആർ. സി. |

| പ്രവർത്തനത്തിന്റെ പേര് : ഇന്റർനെറ്റ്<br>ക്ലാസ് : 1 മുതൽ 4 വരെ, പ്രീ-പ്രൈമറി | | | | | |
|---|---|---|---|---|---|
| ക്രമ നം. | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
| 61 | വിവര സാങ്കേതിക വിദ്യയിലൂടെയുള്ള പഠനംസാധ്യമാക്കുക. | എല്ലാക്ലാസുകളിലും ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കികൊണ്ട് പഠനം നടത്തുന്നതിനുള്ള സംവിധാനങ്ങൾ ആവിഷ്കരിക്കൽ, വീഡിയോ സീഡികൾ ലഭ്യമാക്കുക) | ആവശ്യാനുസരണം | PTA<br>SMC | പഞ്ചായത്ത്<br>PTA, SSA<br>പൂർവ്വ വിദ്യാർത്ഥികൾ |

**മേഖല : ഭൗതികം**

| ക്രമ നം. | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 62 | അടുക്കളത്തോട്ട നിർമ്മാണം - കാർഷിക സംസ്ക്കാരം വളർത്തുക | വിദ്യാലയത്തിലെ അനുയോജ്യമായ സ്ഥലം കണ്ടെത്തി ചെറിയ തോതിൽ പച്ചക്കറികൾ നട്ട് പരിപാലിക്കുക | കാലാകാലങ്ങളിൽ | SRG<br>PTA | 5000<br>കൃഷി വകുപ്പ് |
| 63 | ജനറോറ്റർ സ്ഥാപിക്കൽ-വൈദ്യുതി തടസം ഒഴിവാക്കൽ | കംപ്യൂട്ടർ, ഓഫീസ് ക്ലാസ് മുറികൾ എന്നിവയുടെ പ്രവർത്തനത്തിന് തടസം വരാത്തവിധം വൈദ്യുതി ലഭ്യമാക്കുന്നതിന് ജനറേറ്റർ സ്ഥാപിക്കൽ | 6 മാസം | PTA | ഗ്രാമപഞ്ചായത്ത്<br>50000 |
| 64 | സ്കൂൾ ബസ് - യാത്രാസൗകര്യം സുഗമമാക്കൽ | കുട്ടികളുടെ യാത്രാ ലഘൂകരിക്കുന്നതിനായി സ്വന്ത മായി ഒരു സ്കൂൾ ബസ് വാങ്ങൽ, ബസ് പാർക്കു ചെയ്യുന്നതിനാവശ്യമായ സ്ഥലം കണ്ടെത്തൽ മറ്റുചെലവുകൾക്കാവശ്യമായ തുക കണ്ടെത്തൽ | 2 മാസം | HM, PTA | 18 ലക്ഷം<br>എം.എൽ. എ. ഫണ്ട് |
| 65 | ടോയിലറ്റ് നിർമ്മാണവും നവീകരണവും - ശുചിത്വ ശീലം വളർത്തൽ | കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ടോയിലറ്റുകൾ നിർമ്മിക്കൽ,<br>നിലവിലുള്ളവയുടെ ശോച്യാവസ്ഥ പരിഹരിക്കൽ | 1 വർഷം | PTA<br>SMC | 2 ലക്ഷം<br>ഗ്രാമപഞ്ചാ യത്ത് |
| 66 | പാചകപ്പുര നിർമ്മാണം / നവീകരണം - വൃത്തിയുള്ള അന്തരീക്ഷത്തിൽ പാചകം ഉറപ്പാക്കൽ. | സ്കൂൾ കുട്ടികൾക്കുള്ള ഭക്ഷണം പാചകം ചെയ്യുന്നതിന് വൃത്തിയുള്ളതും മനോഹരവുമായ പാചകപ്പുര നിർമ്മിക്കൽ | 1 വർഷം | PTA<br>SMC | 2 ലക്ഷം<br>ഗ്രാമപഞ്ചായത്ത് |
| 67 | സ്കൂൾ അസംബ്ലി - അച്ചടക്ക മനോഭാവം വളർത്തൽ | ഓരോ ദിവസവും അസംബ്ലി അവതരിപ്പാക്കാനുള്ള അവസരം മാറി മാറി നൽകൽ. അസംബ്ലിയിൽ ക്വിസ്, കടങ്കഥ, പുസ്തകാസ്വാദനക്കുറിപ്പ്, ലഘു പരീക്ഷണ ങ്ങൾ ചെയ്യൽ, യാത്രാനുഭവം പങ്കുവയ്ക്കൽ, ഇംഗ്ലീഷ് അസംബ്ലി എന്നിവ ഉൾപ്പെടുത്തി വിപുലീകരിക്കൽ. | ആഴ്ചയിൽ 3 ദിവസം | Class Teacher | |

**മേഖല : ഭൗതികം**

| ക്രമ നം. | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 68 | സ്കൂൾ അച്ചടക്കം - കുട്ടികളിൽ അച്ചടക്ക ബോധവും നല്ല പെരുമാറ്റ ശീലവും വളർത്തുക | സ്കൂൾ സമയത്ത് അച്ചടക്ക മില്ലാതെ ഓടിനടക്കുന്ന ശീലത്തിന് കടിഞ്ഞാണിടാൻ അതിനായി കുട്ടികളുടെ ശ്രദ്ധ മറ്റു പലതരം മേഖലകളിലേക്ക് തിരിച്ചുവിടൽ ഉദാ:- കാരംസ്, ചെസ് തുടങ്ങിയവയുടെ ചുമതല ക്ലാസ് ലീഡർമാർക്ക് നൽകൽ. | ദിവസവും | All Teachers | |
| 69 | അധ്യാപക ബാങ്ക് - അധ്യായന സമയം പൂർണമായും കുട്ടികൾക്ക് ഉറപ്പാക്കുന്നതിന് | അവധിയെടുക്കുന്ന അധ്യാപകർക്ക് പകരം ജോലി നോക്കാൻ വേണ്ടി യോഗ്യരായ അധ്യാപകരിൽ നിന്നും ഒരു അധ്യാപക ബാങ്ക് രൂപീകരിക്കൽ (പഞ്ചായത്ത് തലത്തിൽ) | ആവശ്യാനുസരണം | Staff Committee | ഗ്രാമപഞ്ചായത്ത് |
| 70 | ക്ലാസ് മുറികൾ മനോഹരമാക്കൽ - വൃത്തിയും വെടിപ്പുമുള്ള പഠനാന്തരീഷം ഒരുക്കൽ. | ക്ലാസ് മുറികൾ ടൈൽ പാകി മനോഹരമാക്കൽ; ആവശ്യമായ ബഞ്ച്, ഡസ്ക്, ഇവ ലഭ്യമാക്കൽ. | ഒന്നര വർഷം | PTA, SMC | ഗ്രാമപഞ്ചായത്ത് SSA |
| 71 | നടപ്പാത നവീകരണം - യാത്രാവേളയിലെ അപകട സാധ്യത ഒഴിവാക്കൽ | സ്കൂളിനു മുന്നിൽ സ്റ്റേറ്റു ഹൈവേയുടെ വശങ്ങളിലെ നടപ്പാത ടൈൽ പാകി സഞ്ചാരയോഗ്യമാക്കൽ | 1 വർഷം | PTA SMC | 50000 SDC ഗ്രാമപഞ്ചായത്ത് |
| 72 | പൂന്തോട്ട രൂപീകരണം | സ്കൂൾ പരിസരം മനോഹരവും ആകർഷകവുമാക്കുന്ന തരത്തിലുള്ള പൂന്തോട്ട നിർമ്മാണം നടത്തൽ ഔഷധപാർക്ക് നിർമ്മിക്കൽ. | | | |
| 73 | റാക്കുകൾ - പഠനത്തിന്റെ ഭാഗമായി രൂപപ്പെടുത്തുന്ന ഉൽപന്നങ്ങൾ സൂക്ഷിക്കൽ. | എല്ലാ ക്ലാസ് മുറികളിലും കുട്ടികളുടെ പഠനോൽപന്നങ്ങൾ വയ്ക്കുന്നതിനായി റാക്കുകൾ സ്ഥാപിക്കൽ, അലമാരകൾ സ്ഥാപിക്കൽ. | | | |

**മേഖല : ഭൗതികം**

| ക്രമ നം. | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 74 | ലൈബ്രറി, റീഡിംഗ് റൂം – വായനാ സംസ്കാരം വളർത്തുക എല്ലാവരിലും വായനാശീലം ഉറപ്പാക്കുക. | ലൈബ്രറി, റീഡിംഗ് റൂം, ലാബ് എന്നീ സൗകര്യങ്ങൾ ഒരുക്കൽ. | | | |
| 75 | ജൈവവൈവിധ്യ ഉദ്യാനം – പ്രകൃതിയുമായി ഇണങ്ങിച്ചേർന്നുകൊണ്ടുള്ള ജീവിത ശൈലി ബോധ്യപ്പെടുത്തൽ | കുട്ടികളെ പ്രകൃതിയിലേക്ക് ആകർഷിക്കുന്ന തരത്തിലുള്ളഒരു ജൈവ വൈവിധ്യ ഉദ്യാനം ഒരുക്കൽ, ജൈവ വൈവിധ്യ പാർക്ക് ഒരുക്കൽ | 1 തവണ | SRG | SSA 1500 |
| 76 | ആഡിറ്റോറിയം, കർട്ടൻ, പൊതുപരിപാടികളും മറ്റും ,സംഘടിപ്പിക്കുന്നതിനുള്ള വേദി ഒരുക്കൽ. | പുതിയ ബഹുനില മന്ദിരത്തോടനുബന്ധമായി ഒരു ആഡിറ്റോറിയം കൂടി സജ്ജീകരിക്കൽ സ്റ്റേജ് ആകർഷകമാക്കാൻ കർട്ടൻ നിർമ്മിക്കൽ. | 1 വർഷം | PTA, SMC | 8 ലക്ഷം ഗ്രാമ പഞ്ചായത്ത് |
| 77 | വൈറ്റ് ബോർഡ് | ക്ലാസ്മുറികളിൽ നിലവിലുള്ള ബ്ലാക്ക് ബോർഡുകൾക്ക് പകരം വൈറ്റ് ബോർഡുകൾ സ്ഥാപിക്കൽ | | | |
| 78 | സ്കൂൾ കെട്ടിടം പെയിന്റിംഗ് – സ്കൂൾ മോടി കൂട്ടി ആകർഷകമാക്കൽ | സ്കൂളിന്റെ ഭിത്തികൾ പെയിന്റ് ചെയ്ത് ക്ലാസ്മുറികളും മറ്റും മനോഹരമാക്കൽ | | | |
| 79 | സ്കൂൾ കെട്ടിടം പ്ലാസ്റ്ററിംഗ് – കെട്ടിടത്തിന്റെ നനവ് പരിഹരിക്കൽ | നിലവിലുള്ള ഇരുനില കെട്ടിടത്തിന്റെ മുകളിൽ നിന്നും നനവ് പകരുന്നത് തടയുന്നതിനായി പ്ലാസ്റ്ററിംഗ് നടത്തൽ | | | |
| 80 | മഴവെള്ള സംഭരണി – കുടിവെള്ള ലഭ്യത ഉറപ്പാക്കൽ | ശുദ്ധജല ലഭ്യതയ്ക്കായി പുതിയ പൈപ്പ് കണക്ഷൻ സ്ഥാപിക്കൽ. വേനൽക്കാലത്ത് നേരിടുന്ന കുടിവെള്ള ഭീഷണി ഒഴിവാക്കാൻ വേണ്ടി മഴവെള്ള സംഭരണി സ്ഥാപിക്കൽ. കുടിവെള്ളം സംഭരിച്ചുവയ്ക്കുന്നതിനാവശ്യമായ ജലസംഭരണ ടാങ്കുകൾ 3 എണ്ണം എങ്കിലും ഉറപ്പാക്കുക | ഒന്നര വർഷം | PTA | ഗ്രാമപഞ്ചായത്ത് 15000 |

**മേഖല : ഭൗതികം**

| ക്രമ നം. | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 81 | ഷീറ്റിട്ട് കെട്ടിടം സംരക്ഷിക്കൽ- കെട്ടിടത്തിന്റെ ശോച്യാവസ്ഥ പരിഹരിക്കൽ | നിലവിലുള്ള സി. ആർ. സി. കെട്ടിടത്തിന്റെ മുകളിൽ ഷീറ്റിട്ട് കെട്ടിടത്തെ സംരക്ഷിക്കൽ | 1 വർഷം | PTA & SMC | ഗ്രാമപഞ്ചായത്ത് BRC |
| 82 | കെട്ടിടം കാലാവസ്ഥയ്ക്ക് അനുയോജ്യമാക്കൽ - കെട്ടിടത്തിന്റെ ശോച്യാവസ്ഥ പരിഹരിക്കൽ | നിലവിലുള്ള സെമി പെർമനന്റ് ഹാൾ നവീകരണം | 2 വർഷം | PTA | ഗ്രാമപഞ്ചായത്ത് |
| 83 | സ്മാർട്ട് ക്ലാസ്റൂം നിർമ്മാണം - ആധുനിക സൗകര്യങ്ങളോടുകൂടിയ പാഠ്യവിനിമയ രീതി ഉറപ്പാക്കൽ | പഠനം കൂടുതൽ കാര്യക്ഷമവും അനായാസവും ആക്കുന്നതിനായി സ്മാർട്ട് ക്ലാസ് റൂം ഒരുക്കൽ | 1 വർഷം | PTA, SMC | 3 ലക്ഷം ഗ്രാമപഞ്ചായത്ത് |
| 84 | പുതിയ ബഹുനില മന്ദിരം-ഭൗതീക സാഹചര്യമൊരുക്കി അക്കാദമിക പ്രവർത്തനം മെച്ചപ്പെടുത്തൽ | കുട്ടിക്ക് ക്ലേശകരമല്ലാത്ത രീതിയിൽ ഇരുന്ന് അധ്യായനം നടത്തുന്നതിനാവശ്യമായ ഒരു ഇരുനിലക്കെട്ടിടം നിർമ്മിക്കൽ | 2 വർഷം | PTA, SMC | 75 ലക്ഷം ഗ്രാമപഞ്ചായത്ത് |
| 85 | നിർദ്ദേശങ്ങളും പരാതികളും ഭൗതിക അക്കാദമിക സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ | സ്കൂൾ പ്രവർത്തനങ്ങളിലെ അപാകതകൾ മറ്റുള്ളവർക്ക് ചൂണ്ടിക്കാണിക്കുന്നതിനുവേണ്ടി ഒരു പരാതിപ്പെട്ടി സ്ഥാപിക്കൽ. | 2 മാസം | PTA, Staff | 1000 സ്റ്റാഫ് |
| 86 | കവാടം പടിപ്പുര- സ്കൂൾ ആകർഷകമാക്കൽ | ആകർഷകമായ വിധത്തിൽ സ്കൂൾ കവാടം പടിപ്പുര എന്നിവ സജ്ജീകരിക്കൽ, സ്റ്റെപ്പുകളുടെ നവീകരണം, മഴവെള്ളം സ്റ്റെപ്പിലൂടെ ഒഴുകുന്നത് തടയൽ | 1 മാസം | PTA, SMC | 8 ലക്ഷം ഗ്രാമപഞ്ചായത്ത് |

## മേഖല : സാമൂഹ്യം

| ക്രമ നം. | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 87 | കോർണർ പിറ്റിഎ. -സാമൂഹിക പങ്കാളിത്തം ഉറപ്പാക്കൽ | വിദ്യാലയത്തിന്റെ വിവിധ പ്രദേശങ്ങളിലെ രക്ഷിതാക്കളെ ഒരു പ്രത്യേക സ്ഥലത്ത് ക്രന്ദ്രീകരിച്ചുകൊണ്ടുള്ള പി. റ്റി. എ. യോഗങ്ങൾ | വർഷത്തിൽ 1 പ്രാവശ്യം | PTA & SMC | 5000 സ്പോൺസർഷിപ്പ് |
| 88 | മികവുകൾ പൊതു സമൂഹത്തിലേയ്ക്ക് - മുകവുകളുടെ അവതരണം വഴി പഠനം കാര്യക്ഷമമാക്കുക. | സ്കൂൾ തല മികവുകൾ സമൂഹത്തന്റെ മുന്നിലെത്തിക്കുന്നതിനുവേണ്ടിയുള്ള വിവിധ തന്ത്രങ്ങൾ ആവിഷ്ക്കരിക്കൽ, ചർച്ച, എക്സിബിഷൻ, സെമിനാർ തുടങ്ങിയവ നടപ്പിലാക്കൽ. | 2 വർഷം | PTA | ഗ്രാമപഞ്ചായത്ത് |
| 89 | പൂർവ്വ വിദ്യാർത്ഥി സംഗമങ്ങൾ- സമൂഹപങ്കാളിത്തം ഉറപ്പിക്കൽ സമൂഹത്തെ വിദ്യാലയത്തിലേക്ക് എത്തിക്കൽ | പൂർവ്വ വിദ്യാർത്ഥികളുടെ യോഗം വിളിച്ചു ചേർക്കൽ, സ്കൂളിന്റെ നിലവിലെ ആവശ്യങ്ങൾ അവതരിപ്പിക്കൽ ഫണ്ട് സമാഹരിക്കൽ | വർഷത്തിൽ 2 തവണ | PTA<br>SSG | 2000<br>PTA |
| 90 | പൂർവ്വ അധ്യാപക സംഗമങ്ങൾ - സാമൂഹ്യപങ്കാളിത്തം ഉറപ്പിക്കൽ | പൂർവ്വ അധ്യാപകരെ വിളിച്ചു ചേർത്ത് സമിതി രൂപീകരിക്കൽ. ചടങ്ങുകളിൽ ഇത്തരക്കാരെ അതിഥിയായി പങ്കെടുപ്പിക്കൽ, ആദരിക്കൽ | വർഷത്തിൽ 1 തവണ | സ്റ്റാഫ് കൗൺസിൽ | 2000 സ്റ്റാഫ് ഫണ്ട് |
| 91 | രക്ഷിതാവിന്റെ പങ്കാളിത്തം- സാമൂഹിക പങ്കാളിത്തം ഉറപ്പിക്കാൻ | ദിനാചരണങ്ങൾ, പൊതു പരിപാടികൾ, ക്രിസ്തമസ്, വാർഷികം തുടങ്ങിയവയിലേയ്ക്ക് രക്ഷിതാക്കളെ ക്ഷണിക്കൽ | ആവശ്യാനുസരണം | HM<br>PTA<br>SSG | |

# പ്രീ-പ്രൈമറി

## പൊതു ലക്ഷ്യങ്ങൾ

- വികസനമേഖലകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നൽകുന്നു.
- 10 മാസങ്ങളിലായി 30 തീമുകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നൽകുന്നു.
- 3+, 4+ പ്രായത്തിന് അനുസരിച്ചുള്ള പ്രവർത്തനങ്ങൾ നൽകുന്നു.
- കുട്ടി നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി പ്രീ-പ്രൈമറി തലം പൂർത്തിയാകുമ്പോൾ രക്ഷകർത്താക്കളെയും സമൂഹ ത്തെയും ബോധ്യപ്പെടുത്തുന്നു.
- പഠന പ്രവർത്തനങ്ങൾക്കായി കളിപ്പാട്ടം, കളിത്തോണി, റ്റി. വി. പരമാവധി പ്രയോജനപ്പെടുത്തുന്നു.
- 187 ശേഷികളും, 5 വികസനമേഖകളും, 8 ബഹുമുഖബുദ്ധികളും കുഞ്ഞുങ്ങൾക്ക് ആർജ്ജിക്കുന്നതിന് കഴിയുന്നു.
- നിരീക്ഷണങ്ങളിലൂടെയും, പരീക്ഷണങ്ങളിലൂടെയും, അനുഭവങ്ങളിലൂടെയും പരമാവധി പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- ദിനാചരണങ്ങളിൽ സാമൂഹ്യപങ്കാളിത്തം ഉറപ്പുവരുത്തുകയും വൈവിധ്യമാർന്ന പഠനപ്രവർത്തനങ്ങൾ നടപ്പാക്കുകയും ചെയ്യുന്നു.
- പിന്നോക്കം നിൽക്കുന്ന കുഞ്ഞുങ്ങൾക്ക് പ്രത്യേകം പരിഗണന നൽകുന്നു.
- എല്ലാ കുട്ടികൾക്കും പ്രായത്തിവന് അനുസരിച്ചുള്ള ആശയവിനിമയശേഷി വർദ്ധിപ്പിക്കുന്നു.

## സവിശേഷ ലക്ഷ്യങ്ങൾ

### ലക്ഷ്യങ്ങൾ

- ശിശുവികാസം നിരവധി മേഖലകളിൽ സങ്കീർണ്ണമായ മാറ്റങ്ങൾ വരുത്തുന്നു.
- കായികം, വൈജ്ഞാനികം, ഭാഷ, വൈകാരികം, ആസ്വാദനം, സർഗ്ഗാത്മകത തുടങ്ങിയ മേഖലകളിൽ ഗുണകരമായ മാറ്റങ്ങൾ വരു ന്നു.
- അനുഭവങ്ങളിലൂടെ കടന്നുപോവുകയും നിരീക്ഷണം-പരീക്ഷണ-അപഗ്രഥന പ്രക്രിയകളിൽ വ്യാപൃതരാകുന്നു.
- ശിശുവികാസമേഖലകൾ, ബഹുമുഖബുദ്ധിയുടെ തലങ്ങൾ എന്നിവ പരിഗണിച്ച് പഠനപ്രവർത്തനങ്ങൾ ഒരുക്കുന്നു.

- തീമുമായി ബന്ധപ്പെട്ട വിജ്ഞാനം കുട്ടിയുടെ വികാസഘട്ടം അനുസരിച്ച് നൽകുന്നു.
- ഭിന്നശേഷി നിലവാരത്തിലുള്ള കുട്ടികളെയും പരിഗണിച്ച് കൊണ്ടുള്ള ആസൂത്രണം നൽകുന്നു.
- കഥ, പാട്ട്, നിർമ്മാണം, കളിപ്രവർത്തനം, റോൾ പ്ലേ, പാവകളി ഇവ ഉൾപ്പെടെയുള്ള പഠന പ്രവർത്തനങ്ങൾ നൽകുന്നു.
- കുട്ടിയുടെ സമഗ്രവികാസം 2 തലങ്ങളിലാണ് (1) വികസനമേഖലകളും (2) ബഹുമുഖബുദ്ധി സിദ്ധാന്തങ്ങളും ഇതിനനുസരിച്ചുള്ള പ്രവർത്തനങ്ങൾ നൽകുന്നു.
- എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പുവരുത്തുക. നല്ല ആരോഗ്യശീലങ്ങൾ വളർത്തിയെടുക്കുന്നു.
- വിവരസാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.

തനതു പ്രവർത്തനം

വികസനമേഖലകൾ

1. ഭാഷാവികാസം - ചിത്രങ്ങൾ, വസ്തുക്കൾ, പ്രകൃതി എന്നിവ കണ്ട് ആശയങ്ങൾ പറയാൻ കഴിയുന്നു.
2. ശാരീരികചാലക വികാസം - ശരീരത്തിലെ പരമാവധി പേശികൾ ഉൾപ്പെടുത്തി സ്വതന്ത്രമായി പ്രവർത്തനം ചെയ്യാൻ കഴിയുന്നു.
3. വൈജ്ഞാനികവികാസം - പഞ്ചേന്ദ്രിയങ്ങൾ പ്രയോജനപ്പെടുത്തി വസ്തുക്കൾ നിരീക്ഷിച്ച് പ്രത്യേകതകൾ കണ്ടെത്തുന്നു.
4. സാമൂഹിക വൈകാരിക വികാസം - ലഘുവായ ആവശ്യങ്ങൾ പരാശ്രയമില്ലാതെ ചെയ്യാൻ കഴിയുന്നു.
5. സർഗ്ഗാത്മക - സൗന്ദര്യാത്മക വികാസം - കേട്ടപാട്ടുകൾ താളാത്മകമായി പാടാൻ കഴിയുന്നു.

ബഹുമുഖ ബുദ്ധികൾ

1. ശാരീരിക ചലനപരമായ ബുദ്ധി
2. ദൃശ്യസ്ഥലപരമായ ബുദ്ധി
3. യുക്തിചിന്താപരവും ഗണിതപരവുമായ ബുദ്ധി

4. പ്രകൃതിപരമായ ബുദ്ധി
5. ആന്തരിക വൈയക്തിക ബുദ്ധി
6. വ്യാക്ത്യാന്തര ബുദ്ധി
7. സംഗീത പരമായ ബുദ്ധി
8. ഭാഷാപരമായ ബുദ്ധി

ശേഷികൾ

- സംഭവങ്ങൾ, അനുഭവങ്ങൾ, കഥകൾ എന്നിവ കാണാനും കേൾക്കാനും കഴിയുന്നു. നിരീക്ഷണങ്ങളും വ്യാഖ്യാനങ്ങളും നടത്താൻ കഴിയുന്നു.
- ശരീരത്തിലെ പരമാവധി പേശികളും പ്രയോജനപ്പെടുത്തികൊണ്ട് സ്വാതന്ത്ര്യവും, നിയന്ത്രിതവുമായി ലഘുകളികളിൽ ഏർപ്പെടുന്നു.
- പ്രായം അടിസ്ഥാനപ്പെടുത്തി നിരീക്ഷണങ്ങളും വ്യാഖ്യാനങ്ങളും നടത്താൻ കഴിയുന്നു. ചെറുത്, വലുത്, ഉയരം കൂടിയത്, കുറഞ്ഞത് എന്നിവയുടെ അടിസ്ഥാനത്തിൽ താരതമ്യം ചെയ്യാൻ കഴിയുന്നു.
- വൈവിധ്യമാർന്ന നിത്യജീവിത സന്ദർഭങ്ങളിൽ ആഘോഷങ്ങൾ ഇഷ്ടപ്പെട്ട വിഷയങ്ങളിൽ പരമാവധി കാര്യങ്ങൾ പറയാനും കേട്ട് മനസ്സിലാക്കാനും ചോദിച്ചറിയാനും കഴിയുന്നു.
- കഥകൾ, അനുഭവവങ്ങൾ, സന്ദർഭങ്ങൾ എന്നിവയിലെ കഥാപാത്രങ്ങളുടെ റോളുകൾ അഭിനയരൂപത്തിൽ അവതരിപ്പിക്കാൻ കഴിയുന്നു.
- തീമുമായി പാട്ടുകൾ, കണ്ടെത്തുന്നതിനും, പാടുന്നതിനും, പദങ്ങളും വരികളും കൂട്ടിചേർത്ത് പാടുന്നതിനും, ചിത്രങ്ങൾ വരയ്ക്കുന്നതിനും നിറം നൽകുന്നതിനും കഴിയുന്നു.
- ആശയങ്ങൾ - പ്രവർത്തനവുമായി ബന്ധപ്പെട്ട ആശയങ്ങൾ കുഞ്ഞുങ്ങൾ മനസ്സിലാക്കുന്നു.

**മാസം: ജൂൺ**

| ക്രമ നം. | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | **തീം** – കുടുംബം, വീടും പരിസര വും, കുടുംബം പ്രവേശനോ ത്സവം<br>**വികാസമേഖല** – ഭാഷാ വികാസം, സാമൂഹിക, വൈകാരിക സൗന്ദ ര്യാത്മക വികാസം, വൈജ്ഞാ നിക വികാസം<br>**ആശയങ്ങൾ –**<br>◆ അച്ഛൻ, അമ്മ, മുത്തശ്ശൻ, മുത്ത ശ്ശി, ചേട്ടൻ, ചേച്ചി എന്നിവർ കുടുംബത്തിലെ അംഗങ്ങൾ ആണ്.<br>◆ കുടുംബത്തിൽ പരസ്പര സഹ രണത്തോടും സ്നേഹത്തോടും ബഹുമാനത്തോടും ഓരോ അംഗങ്ങളും പ്രവർത്തിക്കുന്നു.<br>◆ വീട്ടിലെ എല്ലാ അംഗങ്ങളും അവരുടേതായ ഉത്തരവാദിത്വ ങ്ങൾ നിറവേറ്റുന്നു. | ◆ കുടുംബവുമായി ബന്ധപ്പെട്ട പാട്ടുകൾ<br>◆ കുടുംബവുമായി ബന്ധപ്പെട്ട കഥകൾ<br>◆ കുടുംബവുമായി ബന്ധപ്പെട്ട ചിത്രം വരയ്ക്കൽ<br>◆ കുടുംബവുമായി ബന്ധപ്പെട്ട ചിത്രം വിശദീകരണം<br>◆ കുടുംബത്തിലെ അംഗങ്ങളുടെ പേര് പറയൽ<br>◆ വീട്ടിൽ ആരൊക്കെ<br>◆ കുടുംബത്തിലെ അംഗങ്ങൾ (അഭിനയം)<br>◆ വലിയ കുടുംബം, ചെറിയ കുടുംബം<br>◆ റോൾ പ്ലേ, ചോറും കറിയും കളി<br>◆ കുടുംബവുമായി ബന്ധപ്പെട്ട ചിത്രശേഖരണം<br>◆ ചമഞ്ഞുകളി<br>◆ അഭിനയഗാനം<br>◆ ചിത്രം ഒട്ടിക്കൽ<br>◆ പ്രിന്റിംഗ്<br>◆ മേനി പറയൽ<br>◆ നിരീക്ഷിച്ച് പറയൽ<br>◆ വ്യത്യാസം പറയൽ<br>◆ കൂടുതൽ കുറവ്<br>◆ കണ്ടെത്തലുകൾ<br>◆ പാവനാടകം | | | |
| 2 | **ദിനാചരണങ്ങൾ** : ജൂൺ 5 പരി സ്ഥിതി ദിനം ജൂൺ 19 വായനാദിനം സാമഗ്രികൾ: കുടുംബവുമായി ബന്ധ പ്പെട്ട ചിത്രങ്ങൾ, ചാർട്ടുകൾ, സ്റ്റിക്ക് പപ്പറ്റുകൾ, ഫോട്ടോകൾ, സംഗീതോ പകരണങ്ങൾ, ക്രയോൺ, പെൻസിൽ, വേഷവിധാനങ്ങൾ | ◆ ചെടികൾ പരിപാലനം, ചെടി നടീൽ, പോസ്റ്റർ തയ്യാറാക്കൽ<br>◆ വായനാദിന പോസ്റ്റർ, പി. എൻ. പണിക്കർ പരിചയപ്പെടൽ | | | |

**മാസം: ജൂൺ**

| ക്രമ നം. | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 3 | **തീം** – വീടും പരിസരവും<br><br>**വികാസമേഖല** – ഭാഷാ വികാസം, സാമൂഹിക, വൈകാരിക ശാരീരിക ചാലക വികാസം, സർഗ്ഗാത്മക സൗന്ദര്യാത്മക വികാസം, വൈജ്ഞാനിക വികാസം<br><br>**ആശയങ്ങൾ –**<br><br>◆ അച്ഛൻ, അമ്മ, ചേട്ടൻ, ചേച്ചി മുത്തശ്ശൻ, മുത്തശ്ശി, എന്നിവർ ഒരുമിച്ച് താമസിക്കുന്ന ഇടമാണ് വീട്.<br><br>◆ വീട്ടിൽ കട്ടിൽ, മേശ, കസേര, പാത്രങ്ങൾ തുടങ്ങിയ ഉപകരണങ്ങളുണ്ട്.<br><br>◆ പൂച്ച, പട്ടി, പശു, കോഴി, താറാവ്, മീൻ തുടങ്ങിയ ജീവജാലങ്ങൾ വളർത്താറുണ്ട്.<br><br>◆ പലതരം സസ്യങ്ങൾ വീടിന് ചുറ്റും നട്ടുവളർത്താറുണ്ട്. | ◆ എന്റെ വീട്<br>◆ വീടുകൾ തമ്മിലുള്ള വ്യത്യാസം<br>◆ വീടുകൾ നിരീക്ഷിച്ച് പറയൽ (മേൽക്കൂര, ഓട്, ഓല, കോൺക്രീറ്റ്, വൈക്കോൽ)<br>◆ വിവിധ മുറികൾ<br>◆ വീട്ടിലെ ഉപകരണങ്ങൾ<br>◆ വീടിന്റെ ചിത്രം വരച്ച് നിറം നൽകൽ<br>◆ വീട്ടിലെ ജീവികളുടെ പാട്ട്<br>◆ വീടിന് ചുറ്റുമുള്ളവയെക്കുറിച്ച് പറയൽ<br>◆ കുഞ്ഞുകളിപ്പാട്ടങ്ങൾ നിർമ്മിക്കൽ<br>◆ വീട്ടുപകരണങ്ങളുടെ ഉപയോഗം പറയൽ<br>◆ ചിത്രം പൂർത്തിയാക്കൽ<br>◆ വീടു വൃത്തിയാക്കൽ<br>◆ പ്രകൃതി നടത്തം<br>◆ വീടുകൾ വലിപ്പചെറുപ്പത്തിന്റെ അടിസ്ഥാനത്തിൽ താരതമ്യം ചെയ്യുക.<br>◆ വെയിസ്റ്റ് ബോക്സിന്റെ ഉപയോഗം പറയൽ<br>◆ കളിയുപകരണങ്ങൾ യഥാസ്ഥാനത്ത് ക്രമീകരിക്കൽ<br>◆ ജീവികളുടെ കൂടുകൾ നിരീക്ഷിച്ച് പറയൽ<br>◆ സംഘകളികൾ<br>◆ പൂന്തോട്ട പരിപാലനം<br>◆ വളർത്തു ജീവികൾക്ക് ആഹാരം നൽകൽ<br>◆ കഥകൾ<br>◆ മുറികളുടെ പേര് പറയൽ | | | |

**മാസം: ജൂലൈ**

| ക്രമ നം. | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 4 | **തീം –**<br>ഞാനും എന്റെ ശരീരവും (ശുചിത്വം),<br>മഴയും കാലാവസ്ഥയും | ◆ ശുചീകരണ പ്രവർത്തനങ്ങൾ (നഖം, മുടി)<br>◆ വ്യക്തി ശുചിത്വം (സ്വതന്ത്ര സംഭാഷണം)<br>◆ ടോയ്‌ലറ്റ് ഉപയോഗത്തെപ്പറ്റി ... (കഥ)<br>◆ വസ്തുക്കൾ, അടുക്കും ചിട്ടയുമായി അടുക്കി വയ്ക്കുന്നത്<br>◆ അഭിനയകളികൾ (പല്ല് തേപ്പ്, കുളി, സോപ്പുതേക്കൽ)<br>◆ ശരീരം വൃത്തിയാക്കാൻ ഉപയോഗിക്കുന്നവയുടെ പേര് പറയൽ<br>◆ നിറം നൽകൽ (ശരീരാവയങ്ങൾ)<br>◆ ക്ലാസ് ശുചീകരണം<br>◆ പാട്ട് (കൈയ്യിൽ അഴുക്ക്)<br>◆ മച്ചിങ്ങ മനുഷ്യൻ നിർമ്മാണം<br>◆ റോൾ പ്ലേ (ഡോക്ടർ)<br>◆ അഭിനയഗാനം<br>◆ വസ്ത്രം ധരിക്കൽ (ഊരി വയ്ക്കൽ മടക്കി വയ്ക്കൽ)<br>◆ വസ്ത്ര ശുചിത്വം (സ്വതന്ത്ര സംഭാഷണം) – വൃത്തിയുള്ളതും, ഇല്ലാത്തതും<br>◆ ശരിയായ രീതിയിൽ ചെരുപ്പ് ധരിക്കൽ | | | |

**മാസം: ജൂലൈ**

| ക്രമ നം. | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 5 | **തീം** : മഴയും കാലാവസ്ഥയും | ◆ സ്വതന്ത്ര സംഭഷണം (മഴ)<br>◆ പാട്ട്<br>◆ അഭിനയഗാനം<br>◆ കഥപറയൽ<br>◆ ചിത്രം വര<br>◆ എണ്ണൽ , കൂട്ടങ്ങളാക്കൽ (എത്ര കുടകൾ)<br>◆ കുടയിൽ മഴ വരയ്ക്കൽ<br>◆ കുടയിൽ കയറാം കളി<br>◆ മഴപ്പാട്ട്<br>◆ മഴയാത്രാനുഭവനം പറയൽ<br>◆ കളി വള്ളം നിർമ്മിക്കൽ<br>◆ തോണി ഒട്ടിക്കൽ<br>◆ ജിഗ്സോ പസിൽ (തോണി, കുട, മീൻ)<br>◆ ചൂടും തണുപ്പും, തൊട്ടറിയൽ (ഐസ്, ചൂട്)<br>◆ മഴക്കാല കാഴ്ചകൾ, അനുഭവം പറയൽ<br>◆ ചിത്രവായന (മഴ)<br>◆ കഥ (മഴ വെള്ളത്തിൽ വീണ ഉറുമ്പ്)<br>◆ ഉപയോഗം പറയൽ (കുട, തൊപ്പി, മഴക്കോട്ട്)<br>◆ തോണി തുഴയൽ കളി<br>◆ മഴക്കാല മാറ്റങ്ങൾ (പ്രകൃതി നടത്തം, സസ്യവ ളർച്ച, ജീവികൾ)<br>◆ വ്യത്യാസം പറയൽ (മഴക്കാലവും, വേനൽക്കാല വും) | | | |
| 6 | **ദിനാചരണങ്ങൾ** :<br>ജൂലൈ 21 ചാന്ദ്രദിനം | ◆ പോസ്റ്റർ തയ്യാറാക്കൽ<br>◆ ഐ. റ്റി. സി. (വീഡിയോ) | | | |

**മാസം: ജൂലൈ**

| ക്രമ നം. | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 7 | **തീം –** സസ്യങ്ങൾ, പഴങ്ങൾ | ◆ ചെടികൾ നിരീക്ഷിക്കൽ (പേര്, സസ്യഭാഗങ്ങൾ)<br>◆ ചെറുത് വലുത് (ഇല, പൂവ്, മണം)<br>◆ വീട്ടിൽ വളർത്തുന്ന ചെടികളെക്കുറിച്ച് ചർച്ച<br>◆ മണം തിരിച്ചറിയൽ കളി (ഇല, പൂവ്)<br>◆ പാട്ട് (ഐറ്റി. സി.)<br>◆ ഇലകൾ വരയ്ക്കാം നിറം നൽകാം<br>◆ ഇല പ്രിന്റ്<br>◆ ഇല കളിപ്പാട്ടങ്ങൾ<br>◆ പലതരം പഴങ്ങൾ (സ്വതന്ത്ര സംഭാഷണം)<br>◆ ഇഷ്ടപ്പെട്ട പഴം തിന്നൽ (അഭിനയം)<br>◆ പഴപാട്ട്<br>◆ ഫലം എണ്ണിപറയൽ<br>◆ പഴങ്ങളുടെ ചിത്രംവരച്ച് നിറം നൽകൽ<br>◆ പഴം മേനി പറച്ചിൽ<br>◆ ചിത്രത്തിൽ നോക്കി എണ്ണം പറച്ചിൽ<br>◆ പഴങ്ങളുടെ രുചി നോക്കി പറയൽ<br>◆ ഗണിതകളികൾ (പഴക്കട)<br>◆ വെജിറ്റബിൾ പ്രിന്റിംഗ്<br>◆ പഴങ്ങൾ/ഇലകൾ (നിറം, വലുപ്പം, നീളം, ആകൃതി) പറയൽ<br>◆ പ്രകൃതി നടത്തം<br>◆ പൂന്തോട്ട നിർമ്മാണം/ പരിപാലനം<br>◆ ഇലകൾ തരം തിരിക്കൽ<br>◆ ചെടികൾക്ക് വെള്ളമൊഴിക്കൽ | | | |

## മാസം: ആഗസ്റ്റ്

| ക്രമ നം. | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 7 | **തീം –** ആഹാരം | ◆ വിശപ്പും ആഹാരവും<br>◆ വിശപ്പുള്ള അവസ്ഥ (അഭിനയം) (കുഞ്ഞുങ്ങൾ, പൂച്ച, പശു, ആട്)<br>◆ പലതരം ആഹാരങ്ങൾ<br>◆ വളർത്തു ജീവികളുടെ ആഹാരം<br>◆ പലതരം രുചികൾ (മിഠായി, നാരങ്ങ, മുളക്)<br>◆ ആഹാരപാട്ടുകൾ (ഐ. റ്റി. സി.)<br>◆ ഇഷ്ടപ്പെട്ട ആഹാരം<br>◆ പഴം, പച്ചക്കറി, കളികൾ<br>◆ അടുക്കള ഉപകരണങ്ങൾ (നിരീക്ഷണം, തരംതി രിക്കൽ)<br>◆ ആഹാരം എപ്പോഴൊക്കെ<br>◆ നല്ല ആഹാരശീലങ്ങൾ<br>◆ ആഹാര പാട്ടുകൾ<br>◆ പഞ്ചസാര, ഉപ്പ് (അലിയുന്നത്, അലിയാത്തത്)<br>◆ അടുക്കള ഉപകരണങ്ങളുടെ ഉപയോഗം പറയൽ ചമഞ്ഞുള്ള കളി<br>◆ ശബ്ദം തിരിച്ചറിയൽ (സ്റ്റീൽ, പ്ലാസ്റ്റിക് തവി)<br>◆ ചിത്രത്തിന് നിറം നൽകൽ<br>◆ ആകൃതി തിരിച്ചറിയൽ (ദോശ, ഇഡ്ഢലി, അപ്പം, പപ്പടം മുതലായവ)<br>◆ രുചിച്ച് നോക്കാം (ഉപ്പ്, പുളി, പഞ്ചസാര, പാവ യ്ക്ക)<br>◆ കഥപറയൽ<br>◆ പാത്രങ്ങൾ തരംതിരിക്കൽ<br>◆ എണ്ണി പറയൽ | | | |
| 8 | **ദിനാചരണം –** ആഗസ്റ്റ് 15 സ്വതന്ത്ര്യദിനം | ◆ പതാകയ്ക്ക് നിറം നൽകൽ<br>◆ പാട്ട്<br>◆ പതാക ഉയർത്തൽ | | | |

**മാസം: ആഗസ്റ്റ്**

| ക്രമ നം. | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 9 | **തീം –** ആഘോഷങ്ങൾ, സ്വാതന്ത്ര്യദിനം | ◆ പതാകയ്ക്ക് നിറം നൽകൽ<br>◆ ക്ലാസ് മുറി അലങ്കരിക്കൽ, ശുചീകരണ പ്രവർത്തനം<br>◆ തോരണം തയ്യാറാക്കൽ<br>◆ കലാപരിപാടികളിലെ പങ്കാളിത്തം<br>◆ ദേശഭക്തി ഗാനങ്ങൾ (ഐ. റ്റി. സി)<br>◆ ആഘോഷങ്ങളിൽ പങ്കെടുക്കൽ, അവയെക്കുറിച്ച് പറയൽ<br>◆ റോൾ പ്ലേ<br>◆ ആഘോഷങ്ങളുമായി ബന്ധപ്പെട്ട സദ്യയൊരുക്കൽ ഒരുമിച്ച് ഭക്ഷണം കഴിക്കൽ<br>◆ ഊഴംകാക്കൽ കളികൾ (പന്ത് കൈമാറ്റം) | | | |
| 10 | **തീം** – ആരോഗ്യം, രോഗങ്ങൾ, ആശുപത്രി | ◆ ആരോഗ്യം/ശുചിത്വം എന്നിവയുമായി ബന്ധപ്പെട്ട പാട്ടുകൾ<br>◆ ശരീരം/വസ്ത്രം/പരിസരം ശുചിത്വം പാലിക്കൽ<br>◆ സ്വതന്ത്ര സംഭാഷണം (കൈകഴുകൽ, പല്ലുതേക്കൽ)<br>◆ വേസ്റ്റ് ബിൻ ശരിയായി ഉപയോഗിക്കൽ, കളിയുപകരണങ്ങൾ യഥാസ്ഥാനത്ത് വയ്ക്കൽ.<br>◆ ചിത്രവായന (രോഗം പരത്തുന്ന ജീവികൾ, മലിനജലം, തുറന്നിരിക്കുന്ന ഭക്ഷണം)<br>◆ പല്ലുതേക്കൽ, കൈകഴുകൽ, തുടയ്ക്കൽ, ചെരുപ്പ് ധരിക്കൽ, മുടിചീകൽ -ഐ. റ്റി. സി.<br>◆ വസ്ത്രം ധരിക്കൽ ഊരി വയ്ക്കൽ, മടക്കി വയ്ക്കൽ<br>◆ അടുക്കും ചിട്ടയോടും വസ്തുക്കൾ വയ്ക്കൽ<br>◆ ആശുപത്രി – റോൾ പ്ലേ<br>◆ ചിത്രം നോക്കി അനുഭവം പറയൽ (ഐ.സി.റ്റി)<br>◆ ഡോക്ടർ സെറ്റ് ഇപയോഗിച്ച് കളി<br>◆ ചമഞ്ഞുകളി<br>◆ ചിത്രവായന (ഡോക്ടർ, നഴ്സ്) അനുഭവം പറയൽ | | | |

## മാസം: സെപ്തംബർ

| ക്രമ നം. | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 11 | **തീം -** പൂക്കൾ, പൂന്തോട്ടം, ശലഭങ്ങൾ, ഓണം, റംസാൻ, പച്ചക്കറികൾ | ◆ പൂക്കളുമായി ബന്ധപ്പെട്ട അഭിനയ ഗാനം<br>◆ ക്രയോൺ ഉപയോഗിച്ച് നിറം നൽകൽ<br>◆ ചിത്രം കീറിയെടുത്ത് ഒട്ടിക്കൽ<br>◆ മണൽ തടത്തിൽ പൂക്കൾ വരയ്ക്കൽ<br>◆ ഫ്ളവർ ബെയിസിൽ പൂക്കൾ ക്രമീകരിക്കൽ<br>◆ ചായത്തിൽ പഞ്ഞി മുക്കി വിവിധ ചിത്രം<br>◆ ചിത്രത്തിൽ ഛായം തേയ്ക്കൽ<br>◆ ചിത്രം നോക്കി പറയൽ<br>◆ പൂക്കളെക്കുറിച്ച് പറയൽ<br>◆ എത്ര പൂവിൻ പേരറിയാം (കളി)<br>◆ ചെറിയ കൂട്ടം വലിയ കൂട്ടം - വട്ടമിടൽ<br>◆ പൂക്കൾ മേനി പറച്ചിൽ<br>◆ ഊഞ്ഞാലാട്ടം<br>◆ പന്തുകളി<br>◆ താളാത്മക ചലനങ്ങൾ<br>◆ സ്വതന്ത്ര്യ കളികൾ<br>◆ ആസൂത്രിത കളികൾ<br>◆ പങ്കുവയ്ക്കൽ<br>◆ കഥാ ഗാനങ്ങൾ<br>◆ വിശേഷാഹാരം പറയൽ<br>◆ അനുഭവം പറയൽ<br>◆ പഴം പച്ചക്കറി കളി<br>◆ കുളം കര (പഴം അകത്ത് പച്ചക്കറി പുറത്ത്)<br>◆ പച്ചക്കറി മേനി പറച്ചിൽ | | | |

**മാസം: ജൂലൈ**

| ക്രമ നം. | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| | | ◆ പാചകവുമായി ബന്ധപ്പെട്ട ഉപകരണം പറയൽ<br>◆ വീട്ടിലെ പച്ചക്കറി കൃഷി<br>◆ പച്ചക്കറി - ചിത്രം വായന<br>◆ പച്ചക്കറി - മേനി പറച്ചിൽ<br>◆ കഥപറയൽ (പച്ചക്കറി)<br>◆ പാട്ടുപാടൽ (പച്ചക്കറി)<br>◆ പച്ചക്കറി എണ്ണിപറയൽ<br>◆ വീട്ടിൽ വാങ്ങുന്ന പച്ചക്കറി<br>◆ നിറം നൽകൽ പച്ചക്കറി<br>◆ പച്ചക്കറി ചിത്രം വരയ്ക്കൽ<br>◆ പച്ചക്കറി തരം തിരിക്കൽ<br>◆ പച്ചക്കറി നിരം പറയൽ<br>◆ കൂട്ടത്തിൽ ചെറുതും വലുതും<br>◆ പച്ചക്കറികളുടെ സവിശേഷതകൾ<br>◆ 1-5 വരെ എണ്ണി പറയൽ<br>◆ ഗണിത പാട്ടുകൾ പാടൽ<br>◆ പാവ കളി<br>◆ പച്ചക്കറി കട്ടൗട്ട്<br>◆ ആക്ഷൻ പറയൽ പച്ചക്കറി<br>◆ പച്ചക്കറി ചിത്രം ഒട്ടിക്കുന്നു. | | | |
| 12 | **ദിനാചരണങ്ങൾ**<br>സെപ്തംബർ 9 അധ്യാപക ദിനം | ◆ പോസ്റ്റർ നിർമ്മാണം<br>◆ അഭിനയം<br>◆ അധ്യാപനം | | | |

## മാസം: ഒക്ടോബർ

| ക്രമ നം. | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 13 | **തീം -**<br>ഗാന്ധി ജയന്തി<br>ജീവികൾ<br>വളർത്തു മൃഗം<br>വളർത്തു പക്ഷികൾ<br>വന്യജീവികൾ<br>മണ്ണ്, കൃഷി | **ഗാന്ധിജയന്തി**<br>◆ ഗാന്ധിജിയുമായി ബന്ധപ്പെട്ട പാട്ടുകൾ<br>◆ ഗാന്ധിജിയുമായി ബന്ധപ്പെട്ട കഥകൾ<br>◆ ഗാന്ധിജിയുമായി ബന്ധമുള്ള ചിത്രം കാണിക്കൽ<br>◆ തോരണം തയ്യാറാക്കുന്നു.<br>◆ അലങ്കരിക്കുന്നു.<br>◆ ചിത്രങ്ങൾ, ക്രയോൺ, പെൻസിൽ ഉപയോഗിച്ച് നിറം നൽകുന്നു.<br>◆ ചിത്രം വായിക്കുന്നു.<br>◆ ചിത്രം ഒട്ടിക്കുന്നു<br>◆ ജന്മദിനത്തിന്റെ പ്രത്യേകതകൾ സംസാരിക്കുന്നു.<br>**ജീവികൾ വളർത്തുമൃഗം, വളർത്തു പക്ഷികൾ**<br>◆ പക്ഷികളുടെയും മൃഗങ്ങളുടെയും ചലനങ്ങൾ (തവള, മുയൽ, ആന, പൂമ്പാറ്റ)<br>◆ കിളികൾ, കഥകൾ, പാട്ടുകൾ (ഐ.റ്റി.സി)<br>◆ ജീവികളുടെ ചിത്രം ഒട്ടിക്കൽ<br>◆ ജീവികളുടെ ചിത്രം നോക്കി പറയൽ<br>◆ ജീവികളുടെ പേര് പറയൽ (ഐ. റ്റി. സി)<br>◆ വീട്ടിൽ വളർത്തുന്ന പക്ഷികൾ<br>◆ വീട്ടിൽ വളർത്തുന്ന മൃഗങ്ങൾ<br>◆ പാലുതരുന്ന മൃഗങ്ങൾ | | | |

**മാസം: ജൂലൈ**

| ക്രമ നം. | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| | | **വന്യജീവികൾ**<br>◆ മൃഗങ്ങളുടെ ചലനങ്ങൾ<br>◆ ചിത്രങ്ങൾ ക്രയോൺ ഉപയോഗിച്ച് നിറം നൽകൽ<br>◆ പേപ്പർ മടക്കൽ<br>◆ മൃഗങ്ങളുടെ ചിത്രം ഒട്ടിക്കൽ<br>◆ മൃഗങ്ങളുടെ ചിത്രത്തിന് ഛായം ഇടൽ<br>◆ സ്വന്തമായി കഥ പറയുന്നു.<br>◆ മൃഗ രൂപങ്ങളുടെ ചിത്രം ഒട്ടിക്കുന്നു.<br>◆ കുത്തുകൾ യോജിപ്പിച്ച് ചിത്രം ഒട്ടിക്കുന്നു.<br>◆ ചിത്രം വായന<br>◆ വായിച്ച ചിത്രം കാണാതെ പറയുന്നു.<br>**മണ്ണ്, കൃഷി**<br>◆ കളിമണ്ണ് കുഴയ്ക്കുക<br>◆ മണ്ണിൽ വിവിധ രൂപങ്ങൾ ഉണ്ടാക്കുക.<br>◆ മണ്ണിൽ ചിത്രം വരയ്ക്കുക (വിരൽകൊണ്ട്)<br>◆ മണ്ണിൽ ഈർക്കിൽ കൊണ്ടുള്ള ചിത്രം<br>◆ കൃഷിയുമായി ബന്ധപ്പെട്ട പാട്ടുപാടൽ<br>◆ വീഡിയോ ചിത്രം കാണുന്നു (ഐ. റ്റി. സി.)<br>◆ കൃഷിപാട്ടുകൾ (ഐ. റ്റി. സി.)<br>◆ കഥ പൂർത്തിയാക്കൽ<br>◆ നെൽകൃഷി, വാഴകൃഷി, തെങ്ങുകൃഷി ചിത്രം കാണിക്കുന്നു.<br>◆ വരികൾ കൂട്ടിച്ചേർത്ത് പാടുന്നു.<br>◆ ഓഡിയോ കേൾപ്പിക്കുന്നു.<br>◆ വീഡിയോ കാണിക്കുന്നു. | | | |

## മാസം: നവംബർ

| ക്രമ നം. | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 14 | **തീം -**<br>തൊഴിൽ | ◆ പലതരം തൊഴിൽ ഉപകരണങ്ങൾ പരിചയപ്പെടുന്നു. (ഐ. റ്റി. സി.)<br>◆ സൂചിയിൽ-നൂൽ കോർക്കൽ<br>◆ സ്ക്രൂ മുറുക്കൽ, അടിക്കൽ, അടപ്പ് ഇളക്കൽ<br>◆ കടലാസ് മടക്കുക<br>◆ കടലാസ് വലിയ കക്ഷണങ്ങളായി കീറുക<br>◆ തുണി മടക്കുക<br>◆ പേപ്പർ കീറി ഒട്ടിക്കുന്നു.<br>◆ തീപ്പെട്ടിക്കൂട്, സോപ്പ് കവർ ഉപയോഗിച്ച് കളി ഉപകരണങ്ങൾ നിർമ്മിക്കുന്നു.<br>◆ സ്വതന്ത്ര സംഭാഷണം (വീട്ടുജോലി)<br>◆ കണ്ട ജോലികൾ, വീട്ടിൽ നടക്കുന്ന ജോലികൾ<br>◆ ചിത്രത്തിന് നിറം നൽകുന്നു.<br>◆ കഥാ ഗാനം, കൂട്ടപ്പാട്ട്, വായത്താരി, ഓഡിയോ കേൾക്കൽ<br>◆ പാട്ടുകൾ പാടൽ<br>◆ ആംഗ്യപാട്ട് (നിങ്ങളുടെ നാട്ടിലിപ്പോൾ)<br>◆ തൊഴിലുമായി ബന്ധപ്പെട്ട ചിത്രങ്ങൾ ഒട്ടിക്കുന്നു. | | | |
| 15 | **ദിനാചരണം**<br>നവംബർ 14 ശിശുദിനം | ◆ പാട്ട് പോസ്റ്റർ തയ്യാറക്കൽ, നെഹ്റു പരിചയപ്പെടൽ (ഐ. റ്റ. സി.)<br>◆ ചിത്രങ്ങളിൽ ക്രയോൺ ഉപയോഗിച്ച് നിറം നൽകുന്നു.<br>◆ കൂട്ടായും അല്ലാതെയും ക്ലാസ്മുറി അലങ്കരിക്കുന്നു.<br>◆ തോരണങ്ങൾ തയ്യാറാക്കുന്നു. ക്ലാസിന് അകത്തും പുറത്തും അലങ്കരിക്കുന്നു. | | | |

## മാസം: നവംബർ

| ക്രമ നം. | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 16 | **തീം –** പക്ഷികൾ | ◆ പക്ഷികളുമായി ബന്ധപ്പെട്ട ആയിതീരൽ കളികൾ<br>◆ ആംഗ്യപ്പാട്ടുകൾ<br>◆ പക്ഷികളുടെ ചലനങ്ങൾ<br>◆ പാട്ടുകൾ<br>◆ മൈമിംങ്<br>◆ ഇഷ്ടപ്പെട്ട പക്ഷിയെക്കുറിച്ച് പറയൽ<br>◆ പക്ഷി/ചിത്രം നോക്കി സവിശേഷതകൾ പറയൽ (നിറം, ശബ്ദം, വലുപ്പം, തല, ഉടൽ, ചിറക്, വാൽ)<br>◆ സ്വന്തമായി വരയ്ക്കൽ (പക്ഷി)<br>◆ പക്ഷിയുടെ പകുതി ഭാഗം വരച്ച് ചിത്രം പൂർത്തീകരിക്കൽ (തല, കാൽ)<br>◆ സ്വതന്ത്ര സംഭാഷണം (പക്ഷികൾ, വീട്ടുപക്ഷികൾ, പേര്)<br>◆ കഥപറയൽ<br>◆ റോൾ പ്ലേ<br>◆ തൂവലുകൾ ഒട്ടിക്കൽ<br>◆ മുങ്ങുമോ? പൊങ്ങുമോ? (തൂവലുകൾ, പേപ്പർ, ഇല, കല്ല്)<br>◆ പക്ഷികളുമായി ബന്ധപ്പെട്ട് തനിക്കുണ്ടായ അനുഭവങ്ങൾ പങ്കുവയ്ക്കൽ<br>◆ ശബ്ദാനുകരണകളികൾ (പക്ഷികൾ)<br>◆ കഥ, നാടകം (ഐ. റ്റി. സി.)<br>◆ കഥകൾ / അനുഭവങ്ങൾ പറയൽ | | | |

## മാസം: ഡിസംബർ

| ക്രമ നം. | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 17 | **തീം –**<br>പ്രാണികൾ,<br>ഇഴജന്തുക്കൾ<br>വസ്ത്രം<br>ക്രിസ്തുമസ് | **പ്രാണികൾ ഇഴജന്തുക്കൾ**<br>◆ ചിത്രം വായന<br>◆ സ്വതന്ത്ര്യ സംഭാഷണം<br>◆ ചിത്രം വായന<br>◆ കഥപറച്ചിൽ<br>◆ പാട്ട് പാടൽ (ഐ. റ്റി. സി.)<br>◆ സ്വാനുഭവം ബന്ധിച്ചു പറയൽ<br>◆ ചലനങ്ങൾ അനുകരിക്കൽ<br>◆ സവിശേഷത പറയൽ<br>◆ പ്രാണികളുടെ പേര് പറയൽ<br>◆ പ്രകൃതി നടത്തം<br>◆ ഉപകാരികളായ പ്രാണികളുടെ പേര് പറയൽ<br>◆ ഇഴജന്തുക്കൾ– വാസസ്ഥലം പറയൽ<br>◆ പ്രാണികൾ – വാസസ്ഥലം പറയൽ<br>◆ നിരീക്ഷിച്ചു പറയൽ<br>◆ ചിത്രം പൂർത്തിയാക്കൽ (ശരീരഭാഗങ്ങൾ)<br>◆ ചിത്ര പസിലുകൾ പൂർത്തിയാക്കൽ<br>◆ വാൽ വരച്ചു ചേർക്കൽ<br>◆ പ്രാണികൾ, ഇഴജന്തുക്കൾ ഇവയുടെ റോൾ പ്ലേ<br>◆ കഥാ ഗാനങ്ങൾ<br>◆ സംഭാഷണങ്ങൾ കേൾക്കൽ (വീഡിയോ) | | | |

**മാസം: ഡിസംബർ**

| ക്രമ നം. | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| | | **വസ്ത്രം**<br>◆ തുണി മേടിക്കൽ (കൈലേസ്)<br>◆ പേപ്പർ മടക്കൽ<br>◆ പേപ്പർ കീറി രൂപങ്ങൾ ഒട്ടിക്കൽ<br>◆ വസ്ത്രം ഊരൽ<br>◆ വസ്ത്രം ധരിക്കൽ<br>◆ ഇഷ്ടപ്പെട്ട വസ്ത്രത്തെക്കുറിച്ച് പറയൽ<br>വസ്ത്രങ്ങളുടെ പേര് പറയൽ<br>ചിത്രം നോക്കി പറയൽ<br>കീറിയ കഷ്ണങ്ങൾ ഒട്ടിക്കൽ<br>ബട്ടൺസ് ഇടൽ<br>കഥ മെനഞ്ഞു പറയൽ<br>സ്വന്തം വസ്ത്രം ധരിക്കൽ/മടക്കൽ<br>വസ്ത്ര ശുചിത്രം പാലിക്കൽ<br>വെജിറ്റബിൾ പ്രിന്റ്<br>ഫിംഗർ പ്രിന്റ്<br>സ്വാതന്ത്ര്യ സംഭാഷണം<br>വസ്ത്രം ഉണക്കൽ<br>തുണികൾ- പാറ്റേൺ തയ്യാറാക്കൽ<br>ചേരുംപടി ചേർക്കൽ - ഗേൾസ് /ബോയിസ് തുണികൾ<br>വിധ പ്രായക്കാർ ധരിക്കുന്ന തുണി (മുതിർന്നവർ) | | | |

**മാസം: ഡിസംബർ**

| ക്രമ നം. | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| | | **ക്രിസ്തുമസ്**<br>◆ ക്ലാസ് മുറി അലങ്കരിക്കൽ<br>◆ കഥ പറച്ചിൽ<br>◆ പാട്ട് പാടൽ<br>◆ സ്വാതന്ത്ര്യ സംഭാഷണം<br>◆ നക്ഷത്രം വരച്ച് ഛായമിടൽ<br>◆ ക്രിസ്തുമസ് ആഘോഷം<br>◆ ക്ലാസ് മുറിവൃത്തിയാക്കൽ<br>◆ ആഹാരം പങ്കുവയ്ക്കൽ<br>◆ ചമഞ്ഞുകളി<br>◆ കരോൾ പോകൽ<br>◆ വാദ്യോപകരണങ്ങൾ പ്രയോജനപ്പെടുത്തൽ<br>◆ സംഘ പ്രവർത്തനങ്ങൾ<br>◆ ബലൂൺ പെരുക്കൽ | | | |

**മാസം: ജനുവരി**

| ക്രമ നം. | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 18 | **തീം -**<br>വാഹനങ്ങൾ, എന്റെ ഗ്രാമം<br>പൊതു സ്ഥാപനങ്ങൾ | **വാഹനങ്ങൾ**<br>◆ വാഹനം ഓടിക്കൽ ആക്ഷൻ<br>◆ വാഹനം പാർക്ക് ചെയ്യൽ<br>◆ ബസ്സുകളി<br>◆ കുതിരയിൽ ഓട്ടം<br>◆ വാഹന ചലനങ്ങൾ അനുകരിക്കൽ<br>◆ വാഹന ചിത്രം വരയ്ക്കൽ<br>◆ വാഹനം വരച്ച് ഛായമിടൽ<br>◆ ചിത്രം വെട്ടി ഒട്ടിക്കൽ- വാഹനം<br>◆ ഓറിഗാമി - തോണി<br>◆ വള്ളംകളി<br>◆ റോഡിലൂടെ പോകുന്ന വാഹനം പേര് പറയൽ<br>◆ ആകാശത്തിലൂടെ പോകുന്ന വാഹനം<br>◆ പാളത്തിലൂടെ പോകുന്ന വാഹനം<br>◆ തീവണ്ടി നിർമ്മാണം- തീപ്പെട്ടി കവർ<br>◆ ബസ് നിർമ്മാണം - സോപ്പ് കവർ<br>◆ കാർ നിർമ്മാണം.<br>◆ വാഹന ഭാഗം ചേർത്ത് വാഹനം നിർമ്മിക്കൽ<br>◆ കൊളാഷ് (വാഹനം)<br>◆ വാഹനങ്ങളുടെ ഭാഗം കാണിച്ച് പേര് പറയൽ<br>◆ കണ്ടക്ടർ, ഡ്രൈവർ കളി<br>◆ വാഹന പാട്ടുകൾ അവതരിപ്പിക്കൽ (ഐ.റ്റി.സി.) | | | |

**മാസം: ജനുവരി**

| ക്രമ നം. | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| | | **എന്റെ ഗ്രാമം**<br>പ്രകൃതി നടത്തം<br>നാടുകാണൽ കണ്ടകാര്യം പറയൽ<br>ഗ്രാമചിത്രം - നോക്കി പറയൽ<br>സ്വതന്ത്രസംഭാഷണം<br>കഥപറയൽ<br>പാട്ട് പാടൽ<br>കഞ്ഞിയും കറിയും വയ്ക്കൽ<br>എന്റെ അനുഭവം<br>**പൊതു സ്ഥാപനങ്ങൾ**<br>സ്വതന്ത്ര്യ സംഭാഷണം<br>ചിത്രത്തിന്റെ സംഭാവനകൾ പറയൽ<br>ചിത്രത്തെക്കിറിച്ച് വിശദീകരിക്കൽ<br>പാവനാടകം<br>ചിത്രം നോക്കി പറയൽ<br>ആശുപത്രി അനുഭവം പറയൽ<br>സ്കൂൾ - വിശദീകരിക്കൽ<br>ബാങ്ക് - വിശദീകരിക്കൽ<br>പൊതു സ്ഥാപനങ്ങൾ വിശ്ദീകരിക്കൽ<br>വീട്ടിൽ നിന്നും സ്കൂളിലേയ്ക്കുള്ള വഴി പറയൽ<br>ചിത്രത്തിനു നിറം നൽകൽ<br>പാട്ട് പാടൽ (ഐ. റ്റി. സി)<br>കഥകേൾക്കൽ (ഐ. റ്റി. സി.) | | | |

## മാസം: ഫെബ്രുവരി

| ക്രമ നം. | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 19 | **തീം –**<br>ആകാശം | ◆ ചിത്രത്തിന് നിറം നൽകൽ<br>◆ സ്വതന്ത്ര സംഭാഷണം (പകൽ – ആകാശം, രാത്രി– ആകാശം)<br>◆ അനുഭവിച്ചറിയൽ (പകൽ, രാത്രി) പറയൽ<br>◆ നിരീക്ഷിച്ചു പറയൽ<br>◆ കഥ/ പാട്ട് രാവിലെ, ഉച്ച, രാത്രി, സൂര്യൻ, പ്രകാശം, ചൂട്, വെയിൽ<br>◆ രാത്രി, പകൽ (കുളി)<br>◆ ആകാശം നോക്കി മേഘചിത്രങ്ങൾ എന്താണെന്നു പറയൽ നിറംകൊടുക്കൽ | | | |
| 20 | **തീം –**<br>കളികൾ വിനോദങ്ങൾ | ◆ പേപ്പർ, അപ്പൂപ്പൻതാടി, ബലൂൺ, ഇല തുടങ്ങിയവ ഊതി പറപ്പിക്കൽ (ആസൂത്രിതകളികൾ)<br>◆ മരക്കട്ടകൾ, ബിൽജിംഗ് ബ്ലോക്സ്, തീപ്പെട്ടിക്കൂട് ഇവ ഉപയോഗിച്ചുള്ള നിർമ്മാണം.<br>◆ ശാരീരിക ചലനങ്ങളെ പ്രോത്സാഹിപ്പിക്കുന്ന കളികൾ (കുനിയൽ, ഇഴയൽ, മുട്ടുകുത്തി നടക്കൽ)<br>◆ മൈദ ഉപയോഗിച്ച് വിവിധ രൂപങ്ങൾ നിർമ്മിക്കൽ<br>◆ സംഘകളികൾ<br>◆ തീപ്പെട്ടികിലുക്ക്, തീപ്പെട്ടി പാവ നിർമ്മാണം<br>◆ വീഡിയോ, ചിത്രങ്ങൾ നോക്കി കളിയുടെ പേര് പറയൽ (ഐ. റ്റി. സി.)<br>◆ വിവിധ വിനോദങ്ങളുടെ പേര് പറയൽ<br>◆ ഇഷ്ടപ്പെട്ട കളികളെക്കുറിച്ച് പറയൽ<br>◆ സ്വതന്ത്ര കളികളിൽ ഇടപെടൽ<br>◆ ചിത്രവായന<br>◆ ഗണിതഭാഷ ഉപയോഗിച്ച് നിർദ്ദേശങ്ങൾ പറയൽ (അടുത്ത്, അകലെ, പിന്നിൽ, മുന്നിൽ, ആദ്യം അവസാനം) | | | |

## മാസം: മാർച്ച്

| ക്രമ നം. | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 21 | **തീം -**<br>റേഡിയോ, ടിവി, ഫോൺ | ◆ ചിത്രം നോക്കി പറയൽ<br>◆ ചിത്രത്തിലെ സംഭവങ്ങൾ പറയൽ<br>◆ ചിത്രത്തെക്കുറിച്ച് വിശദീകരിക്കൽ<br>◆ റേഡിയോ, ടിവി, ഫോൺ (കഥാഗാനങ്ങൾ, സംഭാഷണ ഗാനങ്ങൾ) കേൾക്കൽ<br>◆ താരാട്ടുപാട്ട്/സിനിമാപാട്ട് പാടൽ<br>◆ വിവിധയിനം റേഡിയോ/ടിവി പരിപാടികൾ അവതരിപ്പിക്കൽ<br>◆ ഇഷ്ടപ്പെട്ട മാധ്യമത്തെക്കുറിച്ച് പറയൽ<br>◆ സ്വതന്ത്ര സംഭാഷണം (ടിവി, ഫോൺ, റേഡിയോ)<br>◆ ചിത്രത്തെക്കുറിച്ച് വിശദീകരിക്കൽ<br>◆ ചിത്രം നോക്കി മാധ്യമങ്ങൾ തിരിച്ചറിഞ്ഞ് പറയൽ | | | |
| 22 | **തീം -**<br>വെള്ളം പുഴ കടൽ | ◆ സ്വതന്ത്ര കളികൾ, ആസൂത്രിത കളികൾ<br>◆ പ്രകൃതി വായന<br>◆ ചിത്രവായന<br>◆ ചിത്രത്തിൽ കാണുന്നത് പറയൽ (വെള്ളം, പുഴ, കടൽ)<br>◆ അനുഭവങ്ങൾ പറയൽ (കുടിച്ചത്, കുളിച്ചത്. ഐസ്, തണുത്തവെള്ളം)<br>◆ വെള്ളം നിറയ്ക്കൽ കളി<br>◆ കൂടുതൽ/കുറവ് പറയൻ (കുപ്പി/ഗ്ലാസ്, വെള്ളം)<br>◆ കഥ പറയൽ<br>◆ കഥ- ഐ. റ്റി. സി.<br>◆ ജലവുമായി ബന്ധപ്പെട്ട ലഘു പരീക്ഷണങ്ങൾ (മുങ്ങുമോ / പൊങ്ങുമോ<br>ചൂട്, തണുപ്പ്<br>മഴത്തുള്ളി വരയ്ക്കൽ<br>മഴ, മേഘം വരയ്ക്കൽ | | | |

## മാസം: മാർച്ച്

| ക്രമ നം. | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലദൈർഘ്യം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 23 | **തീം –**<br>മരങ്ങൾ, കാട് | ◆ ചിത്രത്തിന് നിറം നൽകൽ<br>◆ പ്രിന്റിംങ് (പച്ചക്കറി, ഇല, കമ്പ്, കടലാസ്, ചുരുട്ടിയത്<br>◆ കഥപറയൽ<br>◆ പാട്ട് കേൾക്കൽ ഐ. റ്റി. സി.<br>◆ എന്റെ വീട്ടിലെ മരങ്ങൾ<br>◆ മരത്തിലെ ഫലത്തിന് നിറം നൽകൽ<br>◆ പ്രകൃതി നടത്തം<br>◆ മരം/കാട് എന്നിവയുമായി ബന്ധപ്പെട്ട കഥമെനയുന്നു<br>◆ ഞാൻ കണ്ട മരം വിശദാംശങ്ങളോട് വിവരിക്കുന്നു.<br>◆ മരകഷ്ണങ്ങളിൽ നിന്ന് അവയുടെ ആകൃതി തിരിച്ചറിഞ്ഞ് പറയുന്നു (വട്ടം, ചതുരം, ഉരുണ്ടത്)<br>◆ ആംഗ്യപാട്ട് | | | |

## ഉപസംഹാരം

ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കി ഈ വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റുക എന്ന പരമപ്രധാനമായ ലക്ഷ്യത്തോടെയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. സാമൂഹ്യ പങ്കാളിത്തവും സഹകരണവും ഓരോ സ്ഥാപനത്തിന്റേയും സുസ്ഥിരതയ്ക്ക് ആവശ്യം വേണ്ട ഘടകങ്ങളായി നാം തിരിച്ചറിഞ്ഞു കഴിഞ്ഞു. ഇതിനായി ഒത്തൊരുമിച്ചുള്ള പ്രവർത്തനമാണ് വരും വർഷങ്ങളിൽ പ്രതീക്ഷിക്കുന്നത്. ലഭ്യമായ വിഭവങ്ങളെ പരമാവധി ഉപയോഗിക്കുന്നതോടൊപ്പം കൂടുതൽ വിഭവങ്ങൾ കണ്ടെത്താനും കഴിയേണ്ടതുണ്ട്. വിദ്യാലയവും സമൂഹവും ഒരുമിച്ചുള്ള പ്രവർത്തനങ്ങളിലൂടെ ഓരോ കുട്ടിയുടേയും വിദ്യാഭ്യാസകാലഘട്ടം മഹത്തരമാക്കുക എന്ന പാരമ്പര്യം കാത്തുസൂക്ഷിക്കുന്നതാണ്.